# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 21/1704/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/07/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നിലമ്പൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 21/1704/22 തീയ്യതി: 30/07/2022

## മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.അമീൻ ഫൈസൽ.ടി.ടി- സീനിയർ ഗ്രേഡ് ഓഡിറ്റർ

5. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
6. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പത്മിനി ഗോപിനാഥ് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.ആകാശ്.എ.എസ് | സെക്രട്ടറി | 01-04-2019 | 02-11-2019 |
| ശ്രീ.ഹരി.കെ | സെക്രട്ടറി | 03-11-2019 | 25-12-2019 |
| ശ്രീ.ഫിറോസ് ഖാൻ.എ | സെക്രട്ടറി | 26-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ഹബീബ.പി.കെ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.ജോർജ് സ്വീറ്റ് | കൃഷി ഓഫീസർ | 01-04-2019 | 31-01-2020 |
| ശ്രീ.ലിജ്ജ എബ്രഹാം | കൃഷി ഓഫീസർ | 01-02-2020 | 02-03-2020 |
| ശ്രീ.ഉമ്മർ കോയ.ടി | കൃഷി ഓഫീസർ | 03-03-2020 | 31-03-2020 |
| ഡോ.സി.ഹമീദ് | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 03-04-2019 |
| ഡോ.അബൂബക്കർ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 04-04-2019 | 31-03-2020 |
| ഡോ.പി.എം.ജയ്കോ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ ഹമീദ് | പ്രൊജക്ട് ഓഫീസർ | 01-04-2019 | 19-11-2019 |
| ശ്രീ.ബാബു.പി.കെ | പ്രൊജക്ട് ഓഫീസർ | 20-11-2019 | 31-03-2020 |
| ശ്രീ.മുകുന്ദൻ | ഹെൽത്ത് ഓഫീസർ | 01-04-2019 | 16-09-2019 |
| ശ്രീ.അബ്ദുൾ ഹമീദ് | ഹെൽത്ത് ഓഫീസർ ( ഇൻ ചാർജ്) | 17-09-2019 | 22-09-2019 |
| ശ്രീ.മൻസൂർ കാരാട്ടുചാലിൽ | ഹെൽത്ത് ഓഫീസർ | 23-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഷഹനാസ് ബീഗം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 06-12-2019 |
| ശ്രീമതി.സുഫൈറത്ത്.കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-12-2019 | 31-03-2020 |
| ശ്രീ.പ്രസാദ്.പി.പി | ഹെഡ്മാസ്റ്റർ (ഹൈസ്കൂൾ) | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദാലി.പി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 24-07-2019 |
| ശ്രീ.അരവിന്ദാക്ഷൻ.എം.പി | മുനിസിപ്പൽ എഞ്ചിനീയർ | 25-07-2019 | 18-08-2019 |
| ശ്രീ.ഫ്രാൻസിസ് എ ഫെർണാണ്ടസ് | മുനിസിപ്പൽ എഞ്ചിനീയർ | 19-08-2019 | 31-01-2020 |
| ശ്രീ.അഫ്സൽ.സി | മുനിസിപ്പൽ എഞ്ചിനീയർ | 01-02-2020 | 31-03-2020 |
| ശ്രീ.ജോർജ് പി വർഗ്ഗീസ് | ഹെഡ്മാസ്റ്റർ (എൽ.പി.സ്കൂൾ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 20-07-2022)<br>Last Updated By: Sujatha M (Auditor, On 20-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Satheesh Maveli (Senior Deputy Director, On 25-07-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 29-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് (AUEGS)<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 20-07-2022)<br>Last Updated By: Sujatha M (Auditor, On 20-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-11 |
| 12 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഗരസഭക്ക് 6874/- രൂപ നഷ്ടം<br>Written By: Rasheed V (Senior Grade Auditor, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-12 |
| 13 | നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണം - പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 23-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 23-07-2022) | 1-13 |
| 14 | കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.<br>Written By: Rasheed V (Senior Grade Auditor, On 23-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 23-07-2022) | 1-14 |
| 15 | ലേലത്തുക പൂർണ്ണമായും അടവാക്കിയില്ല- കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Sujatha M (Auditor, On 24-07-2022) | 1-15 |
| 16 | ലേലം- ജി.എസ്.ടി. ഈടാക്കിയില്ല. | 1-16 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | |
| 17 | വിനോദനികുതി അടവാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല.<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Sujatha M (Auditor, On 24-07-2022) | 1-17 |
| 18 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല – നഗരസഭക്ക് 42500/- രൂപ നഷ്ടം<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-18 |
| 19 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-19 |
| 20 | റിസ്റ്റോറേഷൻ ചാർജ് - അപാകതകൾ<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-20 |
| 21 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Sujatha M (Auditor, On 24-07-2022) | 1-21 |
| 22 | ഉറവിട മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ - റിംഗ് കമ്പോസ്റ്റ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-22 |
| 23 | ആദായ നികുതി ഈടാക്കിയില്ല<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-23 |
| 24 | സെൻടൽ പെൻഷൻ ഫണ്ട് - വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-24 |
| 25 | സെക്രട്ടറിക്ക് വീട്ടുവാടക ബത്ത അനുവദിച്ചത് ക്രമപ്രകാരമല്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-25 |
| 26 | കേരള വാട്ടർ അതോറിറ്റിയിലേക്ക് വെള്ളക്കരം അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-26 |
| 27 | വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-27 |
| 28 | സെക്യൂരിറ്റി സ്റ്റാഫിന്റെ നിയമനം ക്രമപ്രകാരമല്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-07-2022) | 1-28 |
| 29 | പി എം എ വൈ ഭവനപദ്ധതി (എസ് സി) നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-29 |
| 30 | ഭവനപുനരുദ്ധാരണം പദ്ധതി (എസ് സി)- അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-30 |
| 31 | ഭവനപുനരുദ്ധാരണം പദ്ധതി (ജനറൽ ) - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-31 |
| 32 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-32 |
| 33 | കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | |
| 34 | തെറ്റായ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു - അധിക ചെലവ്<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-34 |
| 35 | ജനൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തെറ്റായ ഇനം അനുവദിച്ചു - അധിക ചെലവ്<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-35 |
| 36 | മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം - മൂന്നാം ഘട്ടം (145/20)- തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-36 |
| 37 | പി എം എ വൈ ഭവനപദ്ധതി (ടി എസ് പി ) നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-37 |
| 38 | മൺ പാത്രനിർമ്മാണ യൂനിറ്റിന് സബ്സിഡി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-38 |
| 39 | ലൈഫ് മിഷൻ പാർപ്പിടപദ്ധതി എസ് സി - ചെലവഴിക്കാത്ത പദ്ധതിപണം തിരികെ അടവാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-39 |
| 40 | ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം -സർക്കാർ അനുമതിപത്രം ലഭ്യമാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-40 |
| 41 | ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-41 |
| 42 | പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-41-1 |
| 43 | കെ എസ് ഇ ബി / വാട്ടർ അതോറിറ്റി /ഭൂജലവകുപ്പ് എന്നിവയ്ക്ക് തുക നല്കിയത് - പൂർത്തീകരണ വിവരം/ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-41-2 |
| 44 | നിലമ്പൂർ ഫയർസ്റ്റേഷന്റെ വൈദ്യുതി ബിൽ തുക നൽകിയത് – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-07-2022) | 1-41-3 |
| 45 | മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിവരം / ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-41-4 |
| 46 | സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമല്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-41-5 |
| | ഭാഗം **2** | |
| 1 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഗരസഭക്ക് 6874/- രൂപ നഷ്ടം<br>Written By: Rasheed V (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ജനൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തെറ്റായ ഇനം അനുവദിച്ചു - അധിക ചെലവ്<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 3-1 |
| 2 | മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- മൂന്നാം ഘട്ടം (145/20)- തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്<br>Written By: Ameen Faisal.T.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 3-2 |
| 3 | ഭവനപുനരുദ്ധാരണം പദ്ധതി (ജനറൽ) - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി<br>Written By: Ramakrishnan.T (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Sujatha M (Auditor, On 18-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Sujatha M (Auditor, On 18-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .<br>Written By: Sujatha M (Auditor, On 20-07-2022)<br>Last Updated By: Sujatha M (Auditor, On 20-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Sujatha M (Auditor, On 18-07-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Sujatha M (Auditor, On 18-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Sujatha M (Auditor, On 24-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 18-07-2022)<br>Last Updated By: Sujatha M (Auditor, On 21-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1, 02.03.2019 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 09-12-2020 |

വാർഷിക ധനകാര്യപത്രിക യഥാസമയത്തിനുള്ളിൽ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 77454203.45 |
| വരവ് | 188765344 |
| ആകെ | 266219547.45 |
| ചെലവ് | 197129381 |
| നീക്കിയിരിപ്പ് | 69090166 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 29373875 | 29373875 | 27345889 | 2027986 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14930000 | 14930000 | 9020402 | 5909598 |
| വികസന ഫണ്ട് (ടി.എസ് .പി) | | 4128000 | 4128000 | 1605584 | 2522416 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9965696 | 9965696 | 7108861 | 2856835 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9644000 | 9644000 | 5011511 | 4632489 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 56324000 | 56324000 | 17599998 | 38724002 |
| ബി ഫണ്ട് | 0 | 34801960 | 34801960 | 34801960 | 0 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 382 | 273003213 | 174 | 83269309 | 0 | 208 | 53% |

## 1-6 തൊഴിലുറപ്പ് (AUEGS)

അയ്യങ്കാളി ക്യാഷ് ബുക്കിൽ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ) താഴെ പറയും പ്രകാരമാണ് യഥാർത്ഥ വരവ്- ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1452197 | 7882204 | 9334401 | 9283255 | 51146 |

കുറിപ്പ്: തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിവരം 1-11 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

2019-20 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 239760 | 608 |
| കർഷകതൊഴിലാളി വേതനം | 1843800 | 638 |
| വിധവാ പെൻഷൻ | 11491800 | 3851 |
| വാർദ്ധക്യകാല പെൻഷൻ | 17145900 | 5550 |
| വികലാംഗ പെൻഷൻ | 3215500 | 1075 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 865200 | 293 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2022 ന് 4.15 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 14749/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) കേരള ഫിനാൻഷ്യൽ കോഡ് വാല്യം I 120 മുതൽ 162 വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്.ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണിച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

2) 1994 ലെ കേരള നഗരപാലികാ നിയമം പ്രകാരം, ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയേതര ചെലവുകൾ എന്നാൽ കണ്ടിജന്റ് ചെലവുകൾ,അസാധാരണ ചെലവുകൾ ,ആവർത്തന സ്വഭാവമുള്ള സേവന -ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ (ഉദാ. തെരുവ് വിളക്കുകൾ,പൊതു കുടിവെള്ളവിതരണം,ശുചീകരണം മുതലായവ.),അടിയന്തിര പ്രവൃത്തികൾക്ക് വേണ്ടിയുള്ള ചെലവുകൾ എന്നിവയാണ്. അല്ലാത്തവ പദ്ധതി ചെലവുകളുടെ നിർവ്വചനത്തിൽ വരുന്നവയും പ്രോജക്ട് തയ്യാറാക്കി മാത്രം തുക ചെലവഴിക്കേണ്ടതുമാണ്.എന്നാൽ അപ്രകാരമല്ലാതെ യഥേഷ്ടം ചെലവുകൾ നടത്തുന്നു. ഉദാ. മുനിസിപ്പൽ എഞ്ചിനീയർക്ക് ലാപ് ടോപ് വാങ്ങുന്നതിന് 34,900 രൂപ ചെലവഴിച്ചത് .വട്ടപൊയിൽ ഡ്രൈനേജ് വർക്കിന് 46,827 രൂപ ചെലവഴിച്ചത്.

3) ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. 2019-20 വർഷത്തെ പ്രോജക്റ്റുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

4) ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം,ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും നേതൃപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ

ചുക്കാൻ പിടിക്കേണ്ടതും അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും ക്രിയാത്മക പങ്ക് വഹിക്കേണ്ടതുമായ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകളും പര്യാപ്തമല്ല.

5) ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും ആയത് പാലിക്കുന്നില്ല. ഉദാ. സെക്രട്ടറി , മെഡിക്കൽ ഓഫീസർ ആയുർവേദം, പ്രോജക്ട് ഓഫീസർ നഗരദാരിദ്ര ലഘൂകരണവിഭാഗം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2013 | 2011-12 | 11.04.2014 |
| എ ജി ഓഡിറ്റ് | 07.09.2018 | 2014-15 മുതൽ 2017-18 വരെ | 05.11.2018 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

നിലമ്പൂർ നഗരസഭയുടെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന വരവിനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

| ക്രമനം. | വരവ് ഇനം | തുക |
|---|---|---|
| 1 | വസ്തുനികുതി | 91,39,605 (കളക്ഷൻ) |
| 2 | ലൈസൻസ് ഫീസ് | 15,15,1000 (കളക്ഷൻ) |
| 3 | തൊഴിൽ നികുതി - വ്യാപാരികൾ | 19,24,188 (കളക്ഷൻ) |
| 4 | ബിൽഡിംഗ് പെർമിറ്റ് ഫീസ് | 7,77,747 |
| 5 | ബിൽഡിംഗ് പെർമിറ്റ്- റഗുലറൈസേഷൻ ഫീസ് | 3,59,069 |
| 6 | റോഡ് കട്ടിംഗ് ചാർജ് | 73,747 |

3) രേഖകൾ ലഭ്യമാക്കാത്തതിനാൽ Receipt From Hospitals And Dispensaries ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ 89,500 രൂപയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

4) താഴെ പറയുന്ന വരവിനങ്ങളിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | വരവ് ഇനം | വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക | രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് | ഡിമാന്റ് - 14,58,996<br>കളക്ഷൻ - 13,06,607<br>ബാലൻസ് - 1,52,389 | ഡിമാന്റ് - 14,79,681<br>കളക്ഷൻ - 13,06,607<br>ബാലൻസ് - 1,73,074 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് കുടിശ്ശിക | ഡിമാന്റ് - 12,27,901<br>കളക്ഷൻ - 47,802<br>ബാലൻസ് - 11,80,099 | ഡിമാന്റ് - 61,754<br>കളക്ഷൻ - 47,812<br>ബാലൻസ് - 13,942 |
| 3 | തൊഴിൽ നികുതി (ജീവനക്കാർ) | ഡിമാന്റ് - 63,87,427<br>കളക്ഷൻ- 62,86,177 | ഡിമാന്റ് - 62,86,177<br>കളക്ഷൻ- 62,86,177 |
| 4 | Lease Rental | ഡിമാന്റ് - 30,000<br>കളക്ഷൻ - 30,000 | ഡിമാന്റ് - 45,000<br>കളക്ഷൻ - 30,000 |

| | | | |
|---|---|---|---|
| | | ബാലൻസ് - 0 | ബാലൻസ് - 15,000 |
| 5 | P P R Licence Fee | ഡിമാന്റ് - 18,360<br>കളക്ഷൻ - 18,360<br>ബാലൻസ് - 0 | ഡിമാന്റ് - 6120<br>കളക്ഷൻ - 6120<br>ബാലൻസ് - 0 |
| 6 | ബസ്സ്റ്റാന്റ് ഫീസ് | ഡിമാന്റ് - 3,82,229<br>കളക്ഷൻ - 3,72,229<br>ബാലൻസ് - 0 | ഡിമാന്റ് - 3,82,229<br>കളക്ഷൻ - 3,82,229<br>ബാലൻസ് - 0<br>വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 7 | Public Sanitation | ഡിമാന്റ് - 1,81,600<br>കളക്ഷൻ - 1,71,600<br>ബാലൻസ് - 0 | ഡിമാന്റ് - 1,81,600<br>കളക്ഷൻ - 1,81,600<br>ബാലൻസ് - 0<br>വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

5) എ സി ആറിൽ ശരിയായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടിയില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.RP 22,RP-24 എന്നിവയിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികതയും ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല

6) ലോൺ രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 5 ൽ രേഖപ്പെടുത്തിയ ലോൺ ഇനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

8) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 3 ൽ രേഖപ്പെടത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

9) ഷെഡ്യൂൾ B- 18പ്രകാരം, Miscellaneous Advance – 5,85,300രൂപയാണ് എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ആയത് 3,84,300 രൂപയാണ്. കൂടാതെ, അഡ്വാൻസ് രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളിലെ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

| | |
|---|---|
| Festival Advance To Employees | 30,800 |
| Other Loan And Advance To Employees | 2272 |
| Advance To Beneficiary Commitee Conveners-Special Fund | 100000 |
| Advance To Implementing Agencies -Muncipal Fund | 35661 |
| Advance To Implementing Agencies -Special Fund | 29879 |
| Advance To Projects -Muncipal Fund | 3082000 |
| Electricity Deposits | 18,000 |

10) രേഖകളുടെ അഭാവത്തിൽ ,ഷെഡ്യൂൾ B- 19 ൽ രേഖപ്പെടത്തിയ തുകയുടെ ആധികാരിക ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

11) രേഖകളുടെ അഭാവത്തിൽ ഷെഡ്യൂൾ B- 15 ൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളിലുള്ള തുകകളുടെ ആധികാരിക ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

| ഇനം | തുക |
|---|---|
| Receivables For Advertisment Tax (Current) | 1,23,219 |
| Receivables For Advertisment Tax (Arrears) | 58,125 |
| Other Receivables – Current | 224631 |
| Other Receivables – Arrears | 1958333 |

| | |
|---|---|
| Receivables For Other Fees (Arrears) | 15,227 |

12) തൊഴിൽ രഹിത വേതനം ഇനത്തിൽ തൻവർഷം വിനിയോഗിച്ച തുക 2,39,760 രൂപയാണങ്കിലും വാർഷികകണക്കിൽ 2,91,840 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

13) South Indian Bank (A/C No. 0057053000072740)പാസ് ബുക്ക് പ്രകാരം 31.03.2020 ന് 2575 രൂപ ബാലൻസ് ഉണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

14) ലഭ്യമാക്കിയ മുഴുവൻ റീകൺസിലേഷൻ പത്രികകളിലും Cheque Issued But Not Presented In To Bank, Directly Credited By Bank, Cheque Deposited But Not Collected ,Directly Debited By Bank എന്നിവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. തൻമൂലം റീകൺസിലേഷൻ പത്രികയുടെ ആധികാരികത ഓഡിറ്റിന് ബോധ്യമായിട്ടില്ല.

15) ഷെഡ്യൂൾ B-1 ൽ Suspense ഇനത്തിൽ 85,63,139 രൂപ (RP -21 ലും ) രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഏത് ഏത് ഇനങ്ങളിൽ വരവായി ലഭ്യമായതാണ് എന്നതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

16) AUEGS ഇനത്തിലെ മൊത്തം ചെലവ് വാർഷികകണക്ക് പ്രകാരം 41,93,794 രൂപ ആയത് കാഷ്ബുക്ക് പ്രകാരം 92,83,255 രൂപ.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഗരസഭക്ക് 6874/- രൂപ നഷ്ടം

2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ അനുമതി/ക്രമവത്കരണം നടത്തിയ ഫയലുകളിൽ താഴെ പറയുന്ന ഫയലുകളിന്മേൽ പെർമിറ്റ് ഫീസ്/ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ നഗരസഭയ്ക്ക് 6874/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും. | ഫീസ് ഈടാക്കിയ രശീതി നമ്പർ/ തിയ്യതി | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | TP1-7631/19 (88/19-20) | ജനീസ് & സലീന, കക്കുംതിരി ഹൌസ്, ഏനാന്തി, നിലമ്പൂർ. | 119200101940/ 23.05.2019 | 114.57 (വാസഗൃഹം) | 401 (114.57 X 3.50) | 344 | 57 |
| 2 | TP1-14184/19 (368/19-20) | സിദ്ധീഖ്, അടുക്കത്ത് ഹൌസ്, രാമങ്കുത്ത് ഹൌസ്, നിലമ്പൂർ. | 119200110579/ 21.12.2019 | 126.87 (വാണിജ്യം - ക്രമവത്കരണം) | 2538 (126.87 X 20) | 1270 | 1268 |
| 3 | TP1-8052/19 (110/19-20) | ഷഫീഖ്, വിളക്കുമഠത്തിൽ ഹൌസ്, കളരിക്കുന്ന്, നിലമ്പൂർ. | 119200102210/ 30.05.2019 | 249.77 (വാസഗൃഹം) | 1749 (249.77 X 7) | 750 | 999 |
| 4 | TP1-11472/19 (269/19-20) | ജമീല, കുനാരി ഹൗസ്, നെടുമുണ്ടക്കുന്ന്, നിലമ്പൂർ. | 119200105365/ 29.08.2019 | 155.38 (വാസഗൃഹം) | 1088 (155.38 X 7) | 808 | 280 |
| 5 | TP1-11083/19 (246/19-20) | മേരി മുതൽ പേർ, പുതുവ എടാട്ട്കാരൻ ഹൗസ്, | 119200105052/ 20.08.2019 | 169.39 (വാസഗൃഹം) | 1186 (169.39 X 7) | 383 | 803 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പൊട്ടിപ്പാറ, നിലമ്പൂർ. | | | | | |
| 6 | TP1-6599/19 (20/19-20) | അബ്ദുൾസലാം, മണ്ണേങ്ങൽ കണ്ണംതൊടി ഹൗസ്, ചന്തക്കുന്ന്. | 119200100885/ 29.04.2019 | 251.68 (Extn) (വാസഗൃഹം) | 859 (122.58 X 7) | 429 | 430 |
| 7 | TP1-13073/19 (321/19-20) | പ്രവീൺകുമാർ.കെ, ദേവു നിവാസ്, നിലമ്പൂർ. | 119200108050/ 19.10.2019 | 748.80 (സ്പെഷ്യൽ റസിഡൻസ്) | 7488 (748.80 X 10) | 5242 | 2246 |
| 8 | TP1-718/20 (461/19-20) | മധു, നാവായത്ത് ഹൗസ്, കോവിലത്ത്മുറി, നിലമ്പൂർ. | 119200111972/ 30.01.2020 | 205 (Extn) (വാസഗൃഹം) | 670 (95.70 X 7) | 335 | 335 |
| 9 | TP1-1408/20 (498/19-20) | ജുനൈദ്, ആലിക്കാപറമ്പിൽ ഹൗസ്, രാമങ്കുത്ത്, നിലമ്പൂർ. | 119200118378/ 16.03.2020 | 234.67 (വാസഗൃഹം) | 1643 (234.67 X 7) | 1187 | 456 |
| ആകെ | | | | | 17622 | 10748 | 6874 |

പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 6874/- രൂപ പെർമിറ്റ് അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് - നമ്പർ. 6(2019-20)/16.07.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണം - പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ.

നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണത്തിനുള്ള പെർമിറ്റ് അപേക്ഷയുടെ കൂടെയുള്ള പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം നഗരസഭയിലെ വസ്തുനികുതി നിർണ്ണയ രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണത്തിൽ നിന്നും അധികരിച്ചാണ് കാണിച്ചിരിക്കുന്നത്. നഗരസഭ വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ ഈ അധിക വിസ്തീർണ്ണം മതിയായ ഫീസ് ഈടാക്കി ക്രമവത്കരിച്ച് നൽകാതെയാണ് പുതുതായി അധിക നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും. | കെട്ടിടത്തിന്റെ വിവരം. | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം. |
|---|---|---|---|
| 1 | ശ്രീമതി. രേണുകാദേവി & ലില്ലി, വടക്കേമുറി ഹൌസ്, ക്യാമ്പ് റോഡ്, നിലമ്പൂർ. (ഫയൽ നമ്പർ. 456/19-20)<br>(കെട്ടിട നമ്പർ. 33/98,99,100,101,102,103, 104)<br>33/98 – 15 $M^2$<br>33/99– 15 $M^2$<br>3/100– 15 $M^2$<br>33/101– 15 $M^2$<br>3/102 – 15 $M^2$<br>3/103 – 101 $M^2$ | വാണിജ്യ കെട്ടിടം, തറ വിസ്തീർണ്ണം-<br>Existing G.F- 402.89$m^2$<br>Existing F.F- 87.91$m^2$<br>Additional FF – 200.36$m^2$<br>Additional SF – 12.47$m^2$<br>ആകെ - 703.63 M2 | സഞ്ചയ പ്രകാരം 191.29$m^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 490.80 $M^2$ ആണ്. അധികമുള്ള 299.51 $M^2$ ക്രമവത്കരിക്കാതെയാണ് 212.83 $M^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | 3/104 – 15.29 $M^2$<br>ആകെ - 191.29 $M^2$ | | |
| 2 | ശ്രീ.ജോർജി തോമസ്, പുതുപ്പള്ളിൽ ഹൌസ്, ചന്തക്കുന്ന്.<br>(ഫയൽ നമ്പർ.14/19-20)<br>(കെട്ടിട നമ്പറുകൾ.4/349, 350, 351))<br>4/349 – 40 $M^2$<br>4/350 – 40 $M^2$<br>4/351 – 40 $M^2$<br>ആകെ - 120 $M^2$ | പാർപ്പിടം (ക്വാർട്ടേഴ്സ്), തറ വിസ്തീർണ്ണം-Existing G.F- 131.11 $M^2$<br>Additional FF – 88.29 $M^2$<br>ആകെ - 219.40 $M^2$ | സഞ്ചയ പ്രകാരം 120 $M^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 131.11 $M^2$ ആണ്. അധികമുള്ള 11.11 $M^2$ ക്രമവത്കരിക്കാതെയാണ് 88.29$m^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 3 | ശ്രീ.ഭാസ്കരൻ, സാക്ഷി, കല്ലേമ്പാടം, നിലമ്പൂർ.<br>(കെട്ടിട നമ്പർ.31/144 - 80 $M^2$)<br>(ഫയൽ നമ്പർ.9/19-20) | പാർപ്പിടം, തറ വിസ്തീർണ്ണം-Existing G.F- 110.66 $M^2$<br>Additional GF – 12.01 $M^2$<br>Additional FF – 83.42 $M^2$<br>ആകെ - 206.09 $M^2$ | സഞ്ചയ പ്രകാരം 80 $M^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 110.66 $M^2$ ആണ്. അധികമുള്ള 30.66 $M^2$ ക്രമവത്കരിക്കാതെയാണ് 95.43 $M^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 4 | ശ്രീ.മധു.എൻ, നാവായത്ത് ഹൌസ്, കോവിലകത്ത്മുറി, നിലമ്പൂർ.<br>(കെട്ടിട നമ്പർ.2/282A – 100.38 $M^2$)<br>(ഫയൽ നമ്പർ.461/19-20) | പാർപ്പിടം, തറ വിസ്തീർണ്ണം-Existing G.F- 109.30 $M^2$<br>Additional FF – 95.70 $M^2$<br>ആകെ - 205.00 $M^2$ | സഞ്ചയ പ്രകാരം 100.38 $M^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 109.30 $M^2$ ആണ്. അധികമുള്ള 8.92 $M^2$ ക്രമവത്കരിക്കാതെയാണ് 95.70 $M^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 5 | ശ്രീ.രാജശേഖരൻ, പണിക്കരുകുന്നത്ത് ഹൌസ്, നിലമ്പൂർ.<br>(കെട്ടിട നമ്പർ.1/456 - 85 $M^2$)<br>(ഫയൽ നമ്പർ.259/19-20) | പാർപ്പിടം, തറ വിസ്തീർണ്ണം-Existing G.F- 94.93 $M^2$<br>Additional GF – 7.24 $M^2$<br>Additional FF – | സഞ്ചയ പ്രകാരം 85 $M^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 94.93 $M^2$ ആണ്. അധികമുള്ള 9.93 $M^2$ |

| | | | |
|---|---|---|---|
| | | 88.98 $M^2$<br>ആകെ - 191.15 $M^2$ | ക്രമവത്കരിക്കാതെയാണ് 96.22 $M^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 6 | ശ്രീ.ബാലകൃഷ്ണൻ, മലമ്മൽ ഹൌസ്, നിലമ്പൂർ.<br>(കെട്ടിട നമ്പർ.29/118 - 75 $M^2$)<br>ഫയൽ നമ്പർ.285/19-20) | പാർപ്പിടം, തറ വിസ്തീർണ്ണം- Existing G.F- 116.69 $M^2$<br>Additional FF - 65.95 $M^2$<br>ആകെ - 182.64 $M^2$ | സഞ്ചയ പ്രകാരം 75 $M^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 116.69 $M^2$ ആണ്. അധികമുള്ള 41.69 $M^2$ ക്രമവത്കരിക്കാതെയാണ് 65.95 $M^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 7 | ശ്രീ.രാജപ്പൻ, കുട്ടനാൽ മേപ്പുറത്ത് ഹൌസ്, നിലമ്പൂർ.<br>(കെട്ടിട നമ്പർ.33/381 - 85 $M^2$)<br>(ഫയൽ നമ്പർ.522/19-20) | പാർപ്പിടം, തറ വിസ്തീർണ്ണം- Existing G.F- 139.45 $M^2$<br>Additional GF - 113.26 $M^2$<br>Additional FF - 61.39 $M^2$<br>ആകെ - 314.10 $M^2$ | സഞ്ചയ പ്രകാരം 85 $M^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 139.45 $M^2$ ആണ്. അധികമുള്ള 54.45 $M^2$ ക്രമവത്കരിക്കാതെയാണ് 174.65 $M^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |

അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി. 07(2019-20)/16.07.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി അപേക്ഷിച്ച താഴെ പറയുന്ന ഫയലുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. അപേക്ഷയിലെ അപാകതകൾ പരാമർശിച്ച് കൊണ്ടും അറിയിപ്പ് ലഭിച്ച് നിശ്ചിത ദിവസത്തിനകം അപാകത പരിഹരിച്ച് സമർപ്പിക്കാത്ത പക്ഷം അപേക്ഷ നിരസിച്ചതായി കണക്കാക്കുന്നതാണ് എന്നറിയിച്ച് കൊണ്ടും നോട്ടീസ് അയക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അപേക്ഷ നിരസിക്കുകയാണെങ്കിൽ ഈ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങൾ പൊളിച്ച് നീക്കുകയോ അപാകത പരിഹരിച്ച് നിർമ്മാണം ക്രമവത്കരിക്കുകയോ ചെയ്യുന്നത് വരെ UA നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും. | കെട്ടിടത്തിന്റെ വിവരം. | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ശ്രീ.റൺസ് മോൻ അബ്രഹാം, കുമ്മണ്ണപറമ്പിൽ ഹൌസ്, നിലമ്പൂർ.<br>(ഫയൽ | വാണിജ്യം, തറ വിസ്തീർണ്ണം - 60.95 $M^2$<br>, നിലമ്പൂർ വില്ലേജ്, | അപാകത പരാമർശിച്ച് 09.07.2019 ന് TP1-8697/19 നമ്പർ പ്രകാരം നോട്ടീസ് നൽകി. പിന്നീട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | നമ്പർ.154/19-20) | റീസർവ്വേ നമ്പർ.31/7-3 | |
| 2 | ശ്രീ.കുഞ്ഞിമുഹമ്മദ്, പറമ്പൻ ഹൌസ്, വല്ലപ്പുഴ, നിലമ്പൂർ. (ഫയൽ നമ്പർ.82/19-20) | പാർപ്പിടാവശ്യം, തറ വിസ്തീർണ്ണം - 112.70 $M^2$ , നിലമ്പൂർ വില്ലേജ്, റീസർവ്വേ നമ്പർ.143/1-11 | ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ നിരസിച്ചു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം അപേക്ഷകനെ അറിയിച്ചതായി കാണുന്നില്ല. ഈ അനധികൃത നിർമ്മാണത്തിനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. |
| 3 | ശ്രീ.ഷൌക്കത്തലി, ഭഗവതി ആലിങ്കൽ ഹൌസ്, പാത്തിപ്പാറ, നല്ലംതണ്ണി.പി.ഒ, നിലമ്പൂർ. (ഫയൽ നമ്പർ.556/19-20) | വാണിജ്യം , തറ വിസ്തീർണ്ണം - 120.10 $M^2$ , നിലമ്പൂർ വില്ലേജ്, റീസർവ്വേ നമ്പർ.307/12 | മാസ്റ്റർ പ്ലാൻ ലംഘനം ചൂണ്ടിക്കാട്ടി നോട്ടീസ് കൊടുത്തതായി 25.02.2020 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. |
| 4 | ഡോ.ഉമ്മർ, ഏലംകുളം ഹൌസ്, ഹോസ്പിറ്റൽ റോഡ്, നിലമ്പൂർ. (ഫയൽ നമ്പർ.241/19-20) | ക്ലിനിക് , തറ വിസ്തീർണ്ണം - 399.28 $M^2$ , നിലമ്പൂർ വില്ലേജ്, റീസർവ്വേ നമ്പർ.203/8-1 | കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് 07.09.2019 ന് TP1-(BA)241/19-20 നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും പിന്നീട് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി. 09(2019-20)/16.07.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 ലേലത്തുക പൂർണ്ണമായും അടവാക്കിയില്ല- കുടിശ്ശിക നിലനിൽക്കുന്നു.

2019-20 വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിലമ്പൂർ ചെട്ടിയങ്ങാടി ബസ്സ്റ്റാന്റിൽ ടി.വി പരസ്യം ചെയ്യുന്നതിനായി ശ്രീ.ഷാജഹാൻ.പി, പായമ്പാടം ഹൗസ്, നിലമ്പൂർ എന്നവർ 45000/- രൂപയുടെ ഓഫർ സമർപ്പിക്കുകയും ആയത് കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ നിബന്ധനകളിൽ പറഞ്ഞ സമയപരിധിക്കുള്ളിൽ തുക അടവാക്കാത്തതിനാൽ കുടിശ്ശിക നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല തുക | അടവാക്കിയ വിവരം | അടവാക്കുവാൻ അവശേഷിക്കുന്നതുക |
|---|---|---|---|
| 1 | 45000 | ഒന്നാം ഗഡു- 15000/- (119200104129/18.07.2019) രണ്ടാം ഗഡു- 15000/- (119200116771/28.02.2020) | 15000/- (ലേല തുക 45000/- രൂപയുടെ GST 18% യും ഈടാക്കിയതായി കാണുന്നില്ല.) |

മേൽ വ്യക്തിയിൽ നിന്നും അവശേഷിക്കുന്ന തുക നാളിതുവരെ ഈടാക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 1/19-20/13-07-2022 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-16 ലേലം- ജി.എസ്.ടി. ഈടാക്കിയില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചെട്ടിയങ്ങാടി ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ 2019-20 വർഷത്തിലെ നടത്തിപ്പ് കുത്തകപാട്ടത്തിന് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേലത്തിൽ പാട്ടക്കാരനിൽ നിന്നും ഈടാക്കേണ്ട GST ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിവരണം | ലേലം കൊണ്ട വ്യക്തി | ലേലതുക | GST ഇനത്തിൽ ഈടാക്കേണ്ട തുക (@ 18%) |
|---|---|---|---|
| ചെട്ടിയങ്ങാടി ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | കേശവൻ, വള്ളിക്കാട്ടിൽ ഹൗസ്, മൊടവണ്ണ, എരഞ്ഞിമങ്ങാട് | 1,48,600 | 26748 |

ലേലക്കാരനിൽ നിന്നും ജി. എസ്. ടി ഇനത്തിൽ തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് – 2/19-20/13-07-2022 - മറുപടി ലഭ്യമാക്കിയില്ല)

## 1-17 വിനോദനികുതി അടവാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല.

തദ്ദേശ സ്വയംഭരണ ( ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തിയ്യതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. 16.11.2019 മുതൽ വിനോദ നികുതി കൃത്യമായി പിരിച്ചെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടക്കുന്നതാണെന്നും വിനോദ നികുതി ഇതുവരെ പിരിക്കാത്ത തിയേറ്ററുകളെ മുൻകാല പ്രാബല്യത്തിലുള്ള വിനോദ നികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള (FEUOK) ജനറൽ സെക്രട്ടറി 16.11.2019 ന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ(കൈ) നം.149/2019/ത സ്വ ഭ വ തി. 22.11.2019 നമ്പർ ഉത്തരവിലൂടെ 16.11.2019 മുതൽ തിയേറ്റർ ഉടമകൾ വിനോദ നികുതി കൃത്യമായി പിരിച്ചെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെന്നും 01.09.2019 മുതൽ വിനോദ നികുതി ഈടാക്കിയിട്ടില്ലാത്ത തിയേറ്റർ ഉടമകൾ അപ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന സത്യവാങ്മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിലമ്പൂർ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന രാജേശ്വരി തിയേറ്റർ , ഫെയറിലാന്റ് തിയേറ്റർ എന്നിവയിൽ നിന്നായി വിനോദനികുതി ഇനത്തിൽ 2019-20 വർഷത്തിൽ 6,21,450/- രൂപ വരവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തിയേറ്റർ | ഒടുക്കിയ തുക |
|---|---|
| രാജേശ്വരി തിയേറ്റർ | 31337 |
| ഫെയറിലാന്റ് തിയേറ്റർ | 590113 |
| ആകെ | 621450 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). 16.11.2019 മുതൽ പിരിച്ചെടുത്ത വിനോദ നികുതിയാണ് രാജേശ്വരി തിയേറ്റർ , ഫെയറിലാന്റ് തിയേറ്റർ എന്നിവർ അടവാക്കിയതായി കാണുന്നത്. എന്നാൽ 01.09.2019 മുതൽ 15.11.2019 വരെ അപ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന സത്യവാങ്മൂലം സെക്രട്ടറിക്ക് സമർപ്പിച്ചിട്ടില്ല.

2). തിയേറ്റർ ഉടമകൾ സമർപ്പിച്ച ലിസ്റ്റ് പ്രകാരമുള്ള തുകയാണ് അടവാക്കിയിട്ടുള്ളത്. ചരക്ക് സേവന നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. സ്റ്റേറ്റ്മെന്റ് പരിശോധിക്കാതെ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായുള്ള തുക അടവാക്കുന്നുണ്ടെന്ന് എങ്ങനെയാണ് ഉറപ്പുവരുത്തിയതെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 3/19-20/13-07-2022 മറുപടി ലഭിച്ചില്ല.)

## 1-18 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല – നഗരസഭക്ക് 42500/- രൂപ നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (2) ൽ ക്രമ നമ്പർ 10 പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1250/- രൂപ വീതം ഈടാക്കേണ്ടതാണ്. എന്നാൽ 2019-20 വർഷം നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതും നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭയിൽ 2019-20 വർഷം 36 കരാറുകാർ രജിസ്റ്റർ ചെയ്യുകയും 27 കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുണ്ട് (എഞ്ചിനീയറിംഗ് വിഭാഗം നൽകിയ ലിസ്റ്റ്) . പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ 27 കരാറുകാരിൽ 10 കരാറുകാർ മാത്രമാണ് 2019-20 ലെ രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. പ്രവൃത്തി ഏറ്റെടുത്ത് നടത്തിയവരിൽ തൊഴിൽ നികുതി അടവാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഈടാക്കേണ്ട നികുതി (2019-20 വർഷം - രണ്ട് അർദ്ധവർഷങ്ങൾക്കായി) |
|---|---|---|
| 1 | ശ്രീ.പി.കെ.മൊയ്തീൻ | 2500 |
| 2 | ശ്രീ.ജാബിർ റഷീദ് | 2500 |
| 3 | ശ്രീ. സക്കീർ.കെ..എസ് | 2500 |
| 4 | ശ്രീ. ഹസറു.സി | 2500 |
| 5 | ശ്രീ. താരിഖ് | 2500 |
| 6 | ശ്രീ.അസീസ്.ഇ.എം | 2500 |
| 7 | ശ്രീ.ബിജു.പി | 2500 |
| 8 | ശ്രീ. പ്രസാദ്.ഇ | 2500 |
| 9 | ശ്രീ. ഫെനിൽ കെ ജോസ് | 2500 |
| 10 | ശ്രീ. നിസാമുദ്ദീൻ | 2500 |
| 11 | ശ്രീ. ഹുസൈൻ.പി.കെ | 2500 |
| 12 | ശ്രീ. ഷൗക്കത്തലി.സി | 2500 |
| 13 | ശ്രീ. ലത്തീഫ്.എം | 2500 |
| 14 | നിലമ്പൂർ താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2500 |
| 15 | ശ്രീ.ആബിദ് കോയ. എ.എച്ച് | 2500 |
| 16 | ശ്രീ.അബ്ദുൾ ലത്തീഫ്.എം | 2500 |
| 17 | ശ്രീ.മുഹമ്മദ്.പി | 2500 |
| ആകെ | | 42500 |

2019-20 വർഷത്തിൽ നഗരസഭയിലെ വിവിധ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തത് അംഗീകരിക്കാവുന്നതല്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറിക്ക് - 4/19-20/13-07-2022 - മറുപടി ലഭിച്ചില്ല)

## 1-19 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2019-20 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഗുഡ്ഹോപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്ന്, രണ്ട് |
| 2 | പോസ്റ്റ് ഓഫീസ് രാമംകുത്ത് | രണ്ട് |
| 3 | മിൽമ മിൽക് ചില്ലിംഗ് പ്ലാന്റ് | രണ്ട് |
| 4 | കേരള ട്രാൻസ്പോർട്ട് കമ്പനി | ഒന്ന്, രണ്ട് |
| 5 | നിലമ്പൂർ കാളികാവ് കള്ള് ചെത്ത് സഹകരണ സംഘം | ഒന്ന്, രണ്ട് |
| 6 | ആക്സിസ് ബാങ്ക് നിലമ്പൂർ | രണ്ട് |
| 7 | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ഫിനാൻസ് നിലമ്പൂർ | രണ്ട് |
| 8 | ചോള ബിസിനസ് സർവ്വീസ് | രണ്ട് |
| 9 | ഇന്റസ് ഇന്റ മാർക്കറ്റിംഗ് ഫിനാൻസ് & ബാങ്ക് | രണ്ട് |
| 10 | സിന്റിക്കേറ്റ് ബാങ്ക് | രണ്ട് |

2). തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ക്രമ നം | ജീവനക്കാരൻ / സ്ഥാപനം | അർദ്ധവർഷം | റിട്ടേൺ പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | പ്രേംജിത്ത്, വാച്ച്മാൻ, ITDP നിലമ്പൂർ | ഒന്ന് | 1,37,775 | 1250 | 1000 | 250 |
| 2 | ഫർസാന.ഐ.കെ, ഓഫീസ് അസിസ്റ്റന്റ്, താലൂക്ക് ഓഫീസ് നിലമ്പൂർ | ഒന്ന് | 47,156 | 450 | 300 | 150 |
| 3 | ജാനകി.പി.ടി എംപ്ലോയി നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | ഒന്ന് | 102102 | 1000 | 750 | 250 |
| 4 | തസ്ലി. പി.ടി എംപ്ലോയി നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | ഒന്ന് | 66828 | 600 | 450 | 150 |
| 5 | അനുപ്രിയ.എസ്.ജി, ഫെഡറൽ ബാങ്ക് | ഒന്ന് | 114000 | 1000 | 600 | 400 |
| 6 | അശ്വതി.സി പ്രകാശ് കനറ ബാങ്ക് നിലമ്പൂർ | ഒന്ന് | 216144 | 1250 | 1000 | 250 |
| 7 | അമൃത.ടി, അക്കൗണ്ടന്റ്, കുടുംബശ്രീ നിലമ്പൂർ സ്പെഷൽ പ്രൊജക്ട് ഓഫീസ് | ഒന്ന് | 72000 | 600 | 300 | 300 |

ഈടാക്കാൻ കുറവുവന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

3). കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ

വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. മേൽ സർക്കുലർ അടിസ്ഥാനമാക്കി മാവേലി സ്റ്റോർ ചക്കാലകുത്ത്, മാവേലി സ്റ്റോർ നിലമ്പൂർ എന്നീ സ്ഥാപനങ്ങളിൽ 2019-20 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

4). 2019-20 വർഷത്തിൽ നഗരസഭാ കാര്യാലയത്തിൽ ഹെത്ത് ഇൻസ്പെക്ടർ , ബിൽ കളക്ടർ, സെക്യൂരിറ്റി , ക്രിമിറ്റോറിയം ജീവനക്കാർ എന്നീ തസ്തികകളിൽ താത്കാലിക /ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാർക്കായി വേതനം അനുവദിച്ചിട്ടുണ്ട്. നിലമ്പൂർ നഗരസഭാ കാര്യാലയത്തിൽ വിവിധ സെക്ഷനുകളിലായി 2019-20 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അടവാക്കാത്തവരുടെ തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് - 7/19-20/16-07-2022 - മറുപടി ലഭിച്ചില്ല)

## 1-20 റിസ്റ്റോറേഷൻ ചാർജ് - അപാകതകൾ

2019-20 വർഷത്തിൽ റോഡ് കട്ടിംഗ് അനുമതിക്കായി ലഭിച്ച അപേക്ഷകളും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധിച്ചതിൽ അപേക്ഷകളിൻമേലുള്ള തുടർനടപടി / റിസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിലെ അപാകത എന്നിവ ചുവടെ ചേർത്ത പ്രകാരം കാണുന്നു.

1). റോഡ് കട്ടിംഗ് - അനുമതിക്കായുള്ള അപേക്ഷകളിൽ തുടർനടപടി വിവരം ലഭ്യമല്ല.

| അപേക്ഷ വിവരം | ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം അടവാക്കേണ്ട തുക | റിമാർക്സ് |
|---|---|---|
| 6716/11.04.2019<br>ശ്രീ.ശാന്തിരാജ.എൻ.കെ, ശാന്തി നികേതൻ, നിലമ്പൂർ പി.ഒ | -- | രജിസ്റ്ററിൽ അപേക്ഷ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയൽ ലഭ്യമല്ല. |
| 14468/06.11.2019<br>ശ്രീ.കീരൻ | 9735/- രൂപ ഈടാക്കാൻ ഓവർസിയർ 16.11.2019 ന് റിപ്പോർട്ട് നൽകി<br>പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്കുമുമ്പാകെ അജണ്ട തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. | തുടർനടപടി വിവരം ലഭ്യമല്ല. ചാർജ് കണക്കാക്കിയതിലും അപാകത.BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശം പാലിച്ചിട്ടില്ല. |
| 7019/26.04.2019<br>അസി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ നിലമ്പൂർ | 4681/- രൂപ ഈടാക്കാൻ ഓവർസിയർ 06.05.2019 ന് റിപ്പോർട്ട് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കാൻ ആവശ്യപ്പെട്ട് PW2/7019/19 തി.30.05.2019 നമ്പര് കത്ത് നൽകി. | തുടർനടപടി വിവരം ലഭ്യമല്ല. |
| 13699/22.10.2019<br>ശ്രീ.കുര്യൻ പുത്തൻപുരക്കൽ | 3 മീറ്റർ നീളത്തിൽ 0.20 മീറ്റർ വീതിയിൽ കോൺക്രീറ്റ് റോഡ് കട്ടിംഗ്<br>3 X 0.20 X 1.5 X 5473.44 = 4926 ( 1.5 Times Actual Width)<br>ഓവർസിയർ 25.11. 2019 ന് തയ്യാറാക്കിയ എസ്റ്റിമേറ്റ്. | തുടർനടപടി വിവരം ലഭ്യമല്ല. |

| | | |
|---|---|---|
| 1651/01.02.2020<br>ശ്രീ.നവാസ്.കെ, കരിമ്പനക്കൽ വീട്, രാമംകുത്ത് | 3 മീറ്റർ നീളം, 0.45 മീറ്റർ വീതി (Minimum 1 M Width),<br>BT Surface<br>3 X 1 X 3090.57 = 9271.71 /- എന്ന എസ്റ്റിമേറ്റ് 13.02.2020 ന് ഓവർസിയർ തയ്യാറാക്കി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കുള്ള അജണ്ട തയ്യാറാക്കി സമർപ്പിച്ചതായും കാണുന്നു. | തുടർനടപടി വിവരം ലഭ്യമല്ല. |
| 13154/09.10.2019<br>ശ്രീ.മുഹമ്മദ് ഇഖ്ബാൽ, പൂളക്കൽ | 3 X 3090.57 = 9271.71= 9272<br>എന്ന എസ്റ്റിമേറ്റ് 11.12.2019 ന് ഓവർസിയർ തയ്യാറാക്കി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കുള്ള അജണ്ട തയ്യാറാക്കി സമർപ്പിച്ചതായും കാണുന്നു. | തുടർനടപടി വിവരം ലഭ്യമല്ല. |

2). റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയതിൽ കുറവ്.

2019-20 വർഷത്തിൽ റോഡ് കട്ടിംഗ് അനുമതിക്കായി ലഭിച്ച അപേക്ഷകളിൽ റിസ്റ്റോറേഷൻ ചാർജ് കണക്കാക്കിയിട്ടുള്ളത് NO.CE/R&B/GL-RC/2/2019 Dated. 30.03.2019 നമ്പർ സർക്കുലറിലെ നിരക്ക് അടിസ്ഥാനമാക്കിയാണ്. മേൽ സർക്കുലറിൽ റിസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പരിഗണിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം താഴെപ്പറയുന്ന അപേക്ഷകളിൽ റിസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷ | ഓവർസിയർ റിപ്പോർട്ട് / എസ്റ്റിമേറ്റ് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| 13311/14.10.2019<br>ടി.എൻ .നരേന്ദ്രവർമ്മ | BT- 3 M നീളം, 0.45 വീതി<br>Berm Cutting- 2 M നീളം, 0.45 വീതി<br>3 X .45x3090.57= 4172<br>2x.45x359.85= 324<br>ആകെ =4496<br>(119200109142/13.11.2019) | 3x1x3090.57= 9272<br>(Minimum 1 M Width)<br>2x.45x1.5x359.85=486<br>(1.5 Times Of Width)<br>ആകെ = 9758 | 5262/- |
| 9668/01.07.2019<br>സാദിഖ്.കെ.വി, കറുപ്പൻ വീട്ടിൽ വല്ലപ്പുഴ | ( 6 മീറ്റർ , 0.50 മീറ്റർ വീതി BT)<br>6x0.50x4069.51 = 12208.53<br>(12210/- 119200107678/11.10.2019) | 6x1x4069.51= 24417.06<br>(Minimum 1 M Width) | 12207/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് - 13/19-20/19-07-2022 - മറുപടി ലഭിച്ചില്ല)

## 1-21 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല

18.11.2019 ലെ സ.ഉ (അ) നം 82/2019/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് , മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങളുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നികുതി നിരക്കുകൾ നിലമ്പൂർ നഗരസഭയിൽ പരിഷ്കരിച്ചിട്ടില്ല/പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭ സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയ കെട്ടിട ഗണങ്ങളുടെ വസ്തുനികുതി നിരക്ക് പട്ടികയിൽ മേൽ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ സെറ്റ് ചെയ്യുകയോ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഉൾപ്പെടുത്തി നിലമ്പൂർ നഗരസഭ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാത്തതിനും സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 28/19-20/21-07-2022 മറുപടി ലഭിച്ചില്ല.)

## 1-22 ഉറവിട മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ - റിംഗ് കമ്പോസ്റ്റ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നിലമ്പൂർ നഗരസഭയെ മാലിന്യമുക്ത നഗരസഭയാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് 2019-20 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 2500 രൂപ നിരക്കിൽ 90 % സബ്സിഡിയും 10 % ഗുണഭോക്തൃ വിഹിതവുമായി അക്രഡിറ്റഡ് ഏജൻസി വഴി റിംഗ് കമ്പോസ്റ്റ് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 370/20<br>ഉറവിട മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ - റിംഗ് കമ്പോസ്റ്റ് |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 170970 (CFC) + 189000 (കേന്ദ്രാവിഷ്കൃത ഫണ്ട്) +126030 (സംസ്ഥാനാവിഷ്കൃത ഫണ്ട്) +54000 (ഗുണഭോക്തൃ വിഹിതം) = 540000 |
| ചെലവ് | 51000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) Vr.No.21901768/31.03.2020 |

നിലമ്പൂർ നഗരസഭാ കൗൺസിലിന്റെ 06.02.2020 ലെ 16 -ാം നമ്പർ തീരുമാന പ്രകാരം പദ്ധതിക്കുവേണ്ടി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ജില്ലാ കോർഡിനേറ്ററുമായി 27.02.2020 ന് കരാർ ഒപ്പുവെക്കുകയും സപ്ലൈ ഓർഡർ തുകയുടെ 20 % അഡ്വാൻസ് നൽകേണ്ടതാണെന്ന കരാർ നിബന്ധന (ക്രമ നം 4) പ്രകാരം 102 ഗുണഭോക്താക്കൾക്കായുള്ള തുകയുടെ 20 % (51000/-) കൈമാറുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി നിലമ്പൂർ നഗരസഭയിലെ വിവിധ വീടുകളിലായി 66 യൂണിറ്റ് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റും മൊത്തം എസ്റ്റിമേറ്റ് തുകയായ 165000/- രൂപയുടെ ബില്ലും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ജില്ലാ കോർഡിനേറ്റർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് നൽകിയ തുക (51000/-) കഴിച്ച് ബാക്കി 114000/- രൂപ 2020-21 ൽ നൽകിയിട്ടുണ്ട് [പദ്ധതി- 185/21 - 68805 (CFC) + 45195 (കേന്ദ്രാവിഷ്കൃത ഫണ്ട്) ].

പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 66 ഗുണഭോക്താക്കളാണ് 250/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതെങ്കിലും 102 യൂണിറ്റിനുള്ള അഡ്വാൻസാണ് നൽകിയത്.

2) ഒരു ഗുണഭോക്താവിൽ നിന്നും 250/- രൂപ (10%) നിരക്കിൽ 66 ഗുണഭോക്താക്കളിൽ നിന്നും 16500/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പദ്ധതിക്കായി തുക ചെലവഴിച്ചിട്ടില്ല. 66 യൂണിറ്റിനായുള്ള ആകെ 165000 രൂപയിൽ 16500/- രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നാണ് നൽകേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്നും അധികം നൽകിയ 16500/- രൂപ ബന്ധപ്പെട്ട ഹെഡിൽ അടവാക്കി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറിക്ക് - 22/19-20/20-07-2022 - മറുപടി ലഭ്യമാക്കിയില്ല)

## 1-23 ആദായ നികുതി ഈടാക്കിയില്ല

2019-20 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി തനതുഫണ്ടിൽ നിന്ന് 392/20 നമ്പർ പദ്ധതി പ്രകാരം 700000/- രൂപ (Vr.No. 21900824/16.10.2019) ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രളയ മാലിന്യം നീക്കം ചെയ്യുന്നതിന് (വാഹന വാടക) | 543306 |

| | |
|---|---|
| കുടിവെള്ളം വിതരണം ചെയ്തതിന് | 157198 |
| ആകെ ചെലവ് | 700504 |
| അനുവദിച്ചത് | 700000 |

2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് നഗരപരിധിയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കപ്പെട്ടതിനാൽ ടാങ്കർ ലോറി ഉപയോഗിച്ച് 10.08.2019 മുതൽ 27.08.2019 വരെ കുടിവെള്ളം വിതരണം ചെയ്യുന്നതിനുമാണ് തുക ചെലവഴിച്ചത്. 2019-20 വർഷം ആദ്യത്തിൽ വരൾച്ചാ മുന്നൊരുക്കത്തിന്റെ ഭാഗമായി കുടിവെള്ള വിതരണത്തിനായി വിളിച്ച ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് ട്രിപ്പ്/ലോഡ് ഒന്നിന് 2966/- രൂപ സമർപ്പിച്ച ശ്രീ.അനിൽ റോസ് എന്നവരെയാണ് കുടിവെള്ളം വിതരണം ചെയ്യുന്നതിനും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പരിഗണിച്ചത്. 53 ട്രിപ്പ്/ലോഡ് കുടിവെള്ളം വിതരണം ചെയ്തതിനുള്ള ട്രിപ് ഷീറ്റ് , മാലിന്യങ്ങൾ ടിപ്പർ,ട്രാക്ടർ എന്നിവ ഉപയോഗിച്ച് നീക്കം ചെയ്തതിന്റെ വിവരം ( ട്രിപ് ഷീറ്റ് ,ലോഡ് എണ്ണം,) എന്നിവ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 700000 ശ്രീ.അനിൽ റോസിന് അനുവദിച്ചു.

ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000 രൂപയിൽ കൂടുതൽ ആണ് എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ ആദായ നികുതി ഈടാക്കാതെ (7 ലക്ഷം രൂപ) മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് - 30/19-20/23-07-2022 – മറുപടി ലഭ്യമാക്കിയില്ല)

## 1-24 സെൻട്രൽ പെൻഷൻ ഫണ്ട് - വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല

നഗരകാര്യ ഡയറക്ടറുടെ 23.02.2022 ലെ നം. പി 7-13301/21(3) കത്ത് പ്രകാരം 31.12.2021 വരെ പ്രതിമാസ പെൻഷൻ ആനുകൂല്യങ്ങൾക്ക് നിലമ്പൂർ നഗരസഭക്ക് 9,84,230 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിയ്ക്കാനുണ്ട്. തനത് ഫണ്ടിൽ നിന്നാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കാത്ത അവസരത്തിൽ റഗുലർ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി തുക ചെലവഴിയ്ക്കുന്നത്. എന്നാൽ നഗരസഭയ്ക്ക് വിവിധ വർഷങ്ങളിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതും, വിനിയോഗിച്ചതും, തിരികെ ലഭിക്കുവാനുള്ളതുമായവ സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/2019-20/19.07.22)

## 1-25 സെക്രട്ടറിക്ക് വീട്ടുവാടക ബത്ത അനുവദിച്ചത് ക്രമപ്രകാരമല്ല

ധന(ചട്ടങ്ങൾ ) വകുപ്പിന്റെ 12.02.04 ലെ സർക്കുലർ നം. 12/04 ,ധന വകുപ്പിന്റെ 26.02.92 ലെ (പി )218/92 ഉത്തരവ് എന്നിവ പ്രകാരം സർക്കാർ വക ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ്, ടൂറിസ്റ്റ് ബംഗ്ലാവ് തുടങ്ങിയവയിൽ സൗജന്യ നിരക്കിൽ ഒരു മാസത്തിൽ 15 ദിനത്തിൽ കൂടുതൽ ഉപയോഗിച്ചാൽ ആ ഉദ്യോഗസ്ഥന് വീട്ടുവാടക ബത്തക്ക് അർഹനല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി ശ്രീ. ആകാശ് എം എസ് ന് നഗരസഭ പ്രതിമാസം 5000 രൂപ നിരക്കിൽ ക്വാർട്ടേഴ്സ് റെന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും ടിയാനിൽ നിന്നും വീട്ടു വാടക ബത്ത കുറവുചെയ്യാതെ മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വൗച്ചർനം./തീയ്യതി | അനുവദിച്ച തുക | അനുവദിച്ച വീട്ടു വാടക ബത്ത |
|---|---|---|---|
| 1 | 21900117/3.05.19 | 2,27,125(1.11.18 To 31.03.18) 5 മാസം | (1500*5 )7,500 |
| 2 | 21900265/4.06.19 | 48,900<br>(4/19 ലെ വേതനം) | 1,500 |
| 3 | 21900354/27.06.19 | 71,415<br>(5/19 ലെ വേതനം)<br>(ഡി എ കുടിശ്ശിക ഉൾപ്പെടെ) | 1,500 |
| 4 | 21900707/26.09.19 | 48,900<br>(7/19ലെ വേതനം) | 1,500 |
| 5 | 21900708/26.09.19 | 51,650 | 1,500 |

| | | | |
|---|---|---|---|
| | | (8/19ലെ വേതനം) | |
| 6 | 21900891/29.10.19 | 48,900<br>(9/19 ലെ വേതനം) | 1,500 |
| 7 | 21901027/28.11.19 | 52,160<br>(10/19, 11/19 ലെ വേതനം) | 1,500 |
| | ആകെ | | 16,500 |

ടിയാനിൽ നിന്നും വീട്ടു വാടക ബത്ത കുറവുചെയ്യാതെ മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 20/2019-20/20.07.2022) മറുപടി ലഭ്യമാക്കിയില്ല. ക്രമപ്രകാരമല്ലാതെ അനുവദിച്ച വീട്ടുവാടക ബത്ത തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 കേരള വാട്ടർ അതോറിറ്റിയിലേക്ക് വെള്ളക്കരം അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2019-20 വർഷത്തിൽ വെള്ളക്കരമിനത്തിൽ പ്രോജക്റ്റ് നം. 390/20 പ്രകാരം വികസനഫണ്ടിൽ നിന്നും 402796 രൂപ, സ.ഉ (സാധാ)നം. 6105/2019/ധന തീ. 01.08.2019 ലെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക തുക സ്രോതസിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ 53 പൊതുടാപ്പുകൾക്ക് പ്രതിമാസം 34621 രൂപ കൃത്യമായി മുനിസിപ്പാലിറ്റി കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡിമാന്റ് നോട്ടീസ് പ്രകാരം കൃത്യമായി അടവാക്കിയിട്ടുണ്ട്. ഓരോ മാസവും വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിൽ നഗരസഭ അടവാക്കാനുള്ള കുടിശ്ശിക തുകയും ഫൈനും പരാമർശിച്ചിട്ടുണ്ട്.എന്നാൽ അതത് മാസത്തെ തുക മാത്രമാണ് നഗരസഭ അടവാക്കുന്നത്.ഫയൽ പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.07. 22 ലെ 64973 നം. ബിൽ പ്രകാരം 58,06,326 രൂപ കുടിശ്ശികയും, 1,13,890 രൂപ ഫൈനും അടവാക്കാൻ അവശേഷിക്കുന്നതായി വ്യക്തമാക്കിയിരിക്കുന്നു.വർഷങ്ങളായി കേരള വാട്ടർ അതോറിറ്റിക്ക് തുക കുടിശ്ശിക തുക അടവാക്കുന്നുണ്ടെങ്കിലും കുടിശ്ശിക തുക ഏതു കാലയളവിൽ നിലവിൽ ഉള്ളതാണെന്നോ, എത്രതുക അടവാക്കിയിട്ടുണ്ടെന്നോ സംബന്ധിച്ച് കൃത്യമായ വിവരം ജല അതോറിറ്റിയുടെ കൈവശമോ നഗരസഭയുടെ കൈവശമോ ലഭ്യമല്ല എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്.നഗരസഭയിൽ നിന്നും നാളിതു വരെ കേരള വാട്ടർ അതോറിറ്റിയിലേക്ക് എത്ര തുക കുടിശ്ശികയിനത്തിൽ അടവാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ, കുടിശ്ശിക തുക ഏത് കാലയളവിലെതാണെന്നത് സംബന്ധിച്ച വിവരം, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ നാളിതു വരെ കുടിശ്ശിക അടവാക്കിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച് കൃത്യത വരുത്തുന്നതിനും കുടിശ്ശികയുള്ളപക്ഷം ആയത് കൃത്യമായി അടവാക്കി പിഴപലിശ ഒഴിവാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/ 2019-20/ 20. 07.22 )

## 1-27 വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല

നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് കരാർ അടിസ്ഥാനത്തിൽ വാഹനം വിളിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൾ ഹക്കീം ചുങ്കത്ത് വീട് , ചന്തക്കുന്ന് പി ഒ എന്നയാളുടെ ക്വട്ടേഷൻ (പ്രതി മാസം 32,000 രൂപ ) അംഗീകരിക്കുകയും (KL 71A 1182) താഴെ പറയും പ്രകാരം ടിയാന് വാഹന വാടക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം. / തീയ്യതി | വാഹന വാടക നൽകിയത് |
|---|---|---|
| 1 | 21900627/04.09.2019 | 32,000 |
| 2 | 21900628/04.09.2019 | 18,133 |
| 3 | 21900782/03.10.2019 | 32,000 |
| 4 | 21900933/02.11.2019 | 32,000 |
| 5 | 21901085/06.12.2019 | 32,000 |
| 6 | 21901195/07.01.2020 | 32,000 |
| 7 | 21901305/05.02.2020 | 32,000 |
| 8 | 21901437/02.03.2020 | 32,000 |

| | |
|---|---|
| ആകെ | 2,42,133 |

ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000 രൂപയിൽ കൂടുതൽ ആണ് എങ്കിൽ 1% ആദായ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ 2421 (1% Of 242133) രൂപ ആദായ നികുതി ഇനത്തിൽ ഈടാക്കാതെ മുഴുവൻ തുകയും നൽകുകയായാണ് ചെയ്തിട്ടുള്ളത്. കൂടാതെ, പ്രതിദിനം /പ്രതിമാസം സഞ്ചരിക്കേണ്ട ദൂരം എന്നിവ സംബന്ധിച്ച് കരാർ ചമക്കുകയും ചെയ്തിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 12/2019-20/19.07.2022) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കുന്നത് സാധ്യമാകാത്ത പക്ഷം വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഐ ടി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 സെക്യൂരിറ്റി സ്റ്റാഫിന്റെ നിയമനം ക്രമപ്രകാരമല്ല

താഴെ പറയും പ്രകാരം നഗരസഭയിൽ നിയമിച്ച രണ്ട് സെക്യൂരിറ്റി സ്റ്റാഫിന് വേതനം ഇനത്തിൽ KEXCON തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേന നൽകിയിട്ടുണ്ട് .

| ക്രമനം. | വൗച്ചർനം. / തീയ്യതി | തുക |
|---|---|---|
| 1 | 21900062/11.04.2019 | 50,303 |
| 2 | 21901229/15.01.2020 | 52,261 |
| 3 | 21901396/26.02.2020 | 50,886 |
| 4 | 21901595/17.03.2020 | 48,135 |

വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗവ.സർക്കുലർ നം. 84/2019/ ധന തീയ്യതി .05.10.2019 പ്രകാരം വാർഷികാടിസ്ഥാനത്തിൽ KEXCON കമ്പനിയും നഗരസഭ സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരമാണ് തുക നൽകിയിട്ടുള്ളത് എന്ന് വ്യക്തമായി. എന്നാൽ മേൽ സർക്കുലറിൽ നിലവിലുള്ള തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ചാണ് പരാമർശം എന്നതിനാൽ, നഗരസഭയിൽ നിലവിൽ ഇല്ലാത്ത തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് ആധാരമാക്കിയ സർക്കാർ അനുമതി പത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2019-20/18.07.22) മറുപടി ലഭ്യമാക്കിയില്ല.നഗരസഭയിൽ നിലവിൽ ഇല്ലാത്ത തസ്തികയിലേക്ക് നിയമനം സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതും അംഗീകൃതമല്ലാത്ത നിയമനം അവസാനിപ്പിക്കേണ്ടതുമാണ്.

## 1-29 പി എം എ വൈ ഭവനപദ്ധതി (എസ് സി) നിർമ്മാണം പൂർത്തീകരിച്ചില്ല

പി എം എ വൈ ഭവനപദ്ധതി (എസ് സി) പദ്ധതി പ്രകാരം 2019-20 വർഷത്തിൽ എഗ്രിമെന്റ് വെച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ലത കെ കാക്കനാടൻ വീട്,അരുവാക്കോട് | 60,000 (30,000+30,000) |
| 2 | രാമൻ കോട്ട,ഈയ്യമ്മട ,നിലമ്പൂർ ആർ എസ് (പി ഒ) | 60,000(30,000+30,000) |
| 3 | രാധിക കെ പുന്നപ്പാല വീട് ,രാമംകുത്ത് പി ഒ | 60,000(30,000+30,000) |
| 4 | അശ്വിനി അമ്പലക്കല വീട്, മുതീരി | 1,60,000(1,00,000+ 30,000+30,000) |
| 5 | തങ്കമ്മകേച്ചരി, കിഴക്കേതിൽ വീട്, പാത്തിപ്പാറ | 2,30,000 |

അപാകതകക്ക് കാരണം വ്യക്തമാക്കേണ്ടതും, തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 24/ 2019-20/20.07.2022)

## 1-30 ഭവനപുനരുദ്ധാരണം പദ്ധതി (എസ് സി)- അപാകതകൾ

പ്രോജക്റ്റ് നം. 17/20

ഭവനപുനരുദ്ധാരണം പദ്ധതി (എസ് സി)
അടങ്കൽ തുക - 20,00,000 രൂപ

വിനിയോഗിച്ച തുക – 4,00,000 (പ്ലാൻ -എസ് സി പി)

ബിൽ നം. 29/19-20/06.02.2020 - 4,00,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം താഴെ പറയുന്ന നാലു ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുദേവൻ ഊട്ടുപുറത്ത്, തെങ്ങംപാടം, രാമംകുത്ത് (പി.ഒ) | 1,00,000 |
| 2 | രതീഷ് പാടത്തിൽ, ചക്കാലക്കുത്ത് | 1,00,000 |
| 3 | അമ്മച്ചി ചെർളക്കാടൻ, കുട്ടിക്കുന്ന്, നല്ലംതണ്ണി (പി.ഒ) | 1,00,000 |
| 4 | വിലാസിനി, ചെക്കിലായ്, വീട്ടിക്കുത്ത്, നിലമ്പൂർ | 1,00,000 |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, പൂർത്തീയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. എന്നാൽ ഭവനപുനരുദ്ധാരണം പദ്ധതി പ്രകാരം എന്താണ് ലക്ഷ്യം വെച്ചിട്ടുള്ളത് എന്ന് വിശദീകരിച്ചിട്ടില്ല.

2) നിർമ്മിച്ച് എട്ടു വർഷമെങ്കിലും പഴക്കമുള്ള ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്കാണ് മേൽ പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കാൻ അർഹത. എന്നാൽ പദ്ധതി ഗുണഭോക്താകളുടെ ഭവനങ്ങൾക്ക് എട്ടു വർഷം പഴക്കമുണ്ട് എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പകരം സെക്ഷൻ ക്ലാർക്ക് വിവരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

3) മേൽ മാർഗ്ഗരേഖ പ്രകാരം എൽ എസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ ഭവനങ്ങൾ പരിശോധിച്ച് കൃത്യമായ മൂല്യനിർണ്ണം രേഖപ്പെടുത്താതെയാണ് 1,00,000 രൂപ വീതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളത്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/2019-20/ 20.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 ഭവനപുനരുദ്ധാരണം പദ്ധതി (ജനറൽ ) - അപാകതകൾ

പ്രോജക്റ്റ് നം. 16/20

ഭവനപുനരുദ്ധാരണം പദ്ധതി ( ജനറൽ )
അടങ്കൽ തുക - 22,00,000 രൂപ

വിനിയോഗിച്ച തുക – 21,75,000

പ്ലാൻ - ജനറൽ - 7,98,000 രൂപ

തനത് ഫണ്ട് - 13,77,000 രൂപ

ബിൽ നം. 24/19-20/15.01.2020- 5,75,000

ബിൽ നം. 30/19-20/06.02.2020- 2,23,000

വൗച്ചർ നം. 21901395/26.02.2020- 2,52,000

വൗച്ചർ നം. 21901479/07.03.2020- 3,75,000

വൗച്ചർ നം. 21901767/30.03.2020- 4,50,000

വൗച്ചർ നം. 22000075/24.04.2020- 2,50,000

വൗച്ചർ നം. 22000074/24.04.2020- 25,000

വൗച്ചർ നം. 22000073/24.04.2020- 25,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം 88 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, പൂർത്തിയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. എന്നാൽ ഭവനപുനരുദ്ധാരണം പദ്ധതി പ്രകാരം എന്താണ് ലക്ഷ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

2. നിർമ്മിച്ച് എട്ടു വർഷമെങ്കിലും പഴക്കമുള്ള ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്കാണ് മേൽ പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കാൻ അർഹത. എന്നാൽ പദ്ധതി ഗുണഭോക്താകളുടെ ഭവനങ്ങൾക്ക് എട്ടു വർഷം പഴക്കമുണ്ട് എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പകരം സെക്ഷൻ ക്ലാർക്ക് വിവരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

3. മേൽ മാർഗ്ഗരേഖ പ്രകാരം എൽ എസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ പരിശോധിച്ച് കൃത്യമായ മൂല്യനിർണ്ണം രേഖപ്പെടുത്താതെയാണ് 25,000 രൂപ വീതം താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | ഉഷാകുമാരി എടച്ചലത്ത് വരമ്പൻപൊട്ടി |
| 2 | സൈനബ, കീരി വീട്, നല്ലംതണ്ണി പി ഒ, പാത്തിപ്പാറ |
| 3 | സുജാത കോട്ടുപാറ, നല്ലംതണ്ണി പി ഒ, പാത്തിപ്പാറ |
| 4 | കാർത്ത്യായനി ആക്കുന്നൻ വീട്, മുമ്മുള്ളി പി ഒ, പാലക്കുന്ന് |
| 5 | മറിയുമ്മ മഠത്തിൽ ,മുതീരി പി ഒ, കാഞ്ഞിരക്കടവ് |
| 6 | സീനത്ത് എ,കല്ലുവെട്ടുകുഴി,മുക്കട്ട, നിലമ്പൂർ ആർ എസ് (പി ഒ) |
| 7 | ഫൈസൽ മുരിങ്ങാക്കൽ അയ്യാർപൊയിൽ,നിലമ്പൂർ ആർ എസ് (പി ഒ) |
| 8 | സൈതലവി വലിയപീടിയക്കൽ, വല്ലപ്പുഴ |
| 9 | ജസ്ല ചക്കങ്ങൽ വീട്ടിച്ചാൽ,രാമംകുത്ത് പി ഒ |
| 10 | പ്രേമ W/o ഗോപാലൻ കൊടക്കാടൻ,രാമംകുത്ത് പി ഒ |
| 11 | ഉണ്ണേലി മുളിതൊടിക,രാമംകുത്ത് പി ഒ |
| 12 | നബീസ ,സീലത്ത് വീട്, വീട്ടിച്ചാൽ രാമംകുത്ത് പി ഒ |
| 13 | വേലായുധൻ മാടായി വീട്, മുതുകാട്,രാമംകുത്ത് പി ഒ |
| 14 | ആസ്യ മുടവൻകുലവൻ,രാമംകുത്ത് പി ഒ |
| 15 | ബീരാൻകുട്ടി തോരപ്പ ,രാമംകുത്ത് പി ഒ |
| 16 | ആമിന W/o അഹമ്മദ്കുട്ടി അറഞ്ഞിക്കൽ വീട് രാമംകുത്ത് പി ഒ |
| 17 | സിറാജ് മീമ്പടി വീട് രാമംകുത്ത് പി ഒ |
| 18 | അലീമ അക്കരപീടിക ,രാമംകുത്ത് പി ഒ |
| 19 | കദീജ കക്കാടൻ രാമംകുത്ത് പി ഒ,വീട്ടിച്ചാൽ |
| 20 | സൈനബ എറയത്ത്, വീട്ടിച്ചാൽ, നിലമ്പൂർ ആർ എസ് (പി ഒ) |
| 21 | പത്മിനി പത്മവിലാസം ,മണലോടി., നിലമ്പൂർ |
| 22 | ഹഫ്സത്ത് ചാലിയത്തൊടി മിനർവ്വപ്പടി ,നിലമ്പൂർ |
| 23 | ശാന്ത ജോൺ തൈക്കാട്ടിൽ വീട്, നെട്ടുമുണ്ടകുന്ന്, നിലമ്പൂർ |
| 24 | റാബിയ പാണക്കാടൻ ,നെട്ടുമുണ്ടകുന്ന്, നിലമ്പൂർ |
| 25 | നാരായണി പരിയാരത്ത് ,നെട്ടുമുണ്ടകുന്ന്, നിലമ്പൂർ |
| 26 | ആയിഷ W/o മൊയ്തീൻ താണിക്കൽ വീട് ,ജനതപ്പടി |
| 27 | കല്ല്യാണി ചെറൂത്ത് വീട്, മണലോടി, നിലമ്പൂർ |
| 28 | സാറാബി പുള്ളിച്ചോല കളരിക്കുന്ന് ,നിലമ്പൂർ |
| 29 | കമലം ചെറുകുളമ്പിൽ വീട് ചക്കാലക്കുത്ത് ,നിലമ്പൂർ |
| 30 | ഇന്ദിര കെ,മലമ്മൽ വീട് ,ചക്കാലക്കുത്ത്,നിലമ്പൂർ |

| | |
|---|---|
| 31 | സരോജിനി എടാലപ്പറമ്പത്ത്,ചക്കാലക്കുത്ത്,നിലമ്പൂർ |
| 32 | ദീപൻ കൈതയ്ക്കൽ,ചക്കാലക്കുത്ത്,നിലമ്പൂർ |
| 33 | രാമകൃഷ്ണൻ ചെറുകുളമ്പിൽ ചോലശ്ശേരിക്കുന്ന് ,നിലമ്പൂർ |
| 34 | മെഴ്സി പട്ടാളാട്ട്, ചക്കാലക്കുത്ത് ,നിലമ്പൂർ |
| 35 | രാധമ്മ മഠത്തിൽ കല്ലേമ്പാടം, നിലമ്പൂർ |
| 36 | ജ്യോതിലക്ഷ്മി പന്തല്ലൂർ വീട് വീട്ടിക്കുത്ത് ,നിലമ്പൂർ |
| 37 | കുഞ്ഞമ്മ കൊണ്ടൂർ, അരുവാക്കോട് ,നിലമ്പൂർ |
| 38 | ബാലകൃഷ്ണൻ ചെറുകുളമ്പിൽ ,വരേടംപാടം, നിലമ്പൂർ |
| 39 | തോമസ് നോറക്കാട്ടിൽ കുളക്കണ്ടം, നിലമ്പൂർ |
| | ആകെ 9,75,000 (39X25000) |

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

4) പരിശോധനയിൽ കണ്ടെത്തിയ മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | റിമാർക്ക്സ് |
|---|---|---|
| 1 | പത്മാവതിയമ്മ, പൈങ്കര വീട് കോവിലകത്ത്മുറി, നിലമ്പൂർ | വിശദാംശങ്ങൾ പരിശോധിച്ചതിൽ ഇവർ ഉൾപ്പെട്ട റേഷൻകാർഡിൽ(നം.2052050714) മകൻ സർക്കാർ ജീവനക്കാരനും പ്രതിമാസ വരുമാനം 32,863 രൂപ എന്നും രേഖപ്പെടുത്തിയിട്ടുണ്ട് . ആയത് പരിഗണിക്കാതെ നിലമ്പൂർ വില്ലേജ് ഓഫീസർ പ്രതിവർഷം 36000 രൂപ എന്ന വരുമാന സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്(നം. 44548657/02.12.2019). സബ് സിഡി മാർഗ്ഗ രേഖ സ.ഉ (കൈ)നം. 22/2018/ തസ്വഭവ തീ.14.02.2018 2.12 പ്രകാരം പൊതുവിഭാഗത്തിൽ 2,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നത് എന്നിരിക്കെ, ഇവർക്ക് ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. മറുപടി ലഭ്യമാക്കേണ്ടതും അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക തിരികെ ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതുമാണ്. |
| 2 | സൈനബ എറയത്ത് വീട്ടിച്ചാൽ, നിലമ്പൂർ ആർ എസ് (പി ഒ) | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ (നം. 2052051872) ഗുണഭോക്താവ് സർക്കാർ ജീവനക്കാരിയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പൊതുവിഭാഗത്തിൽ 2,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നത്. വരുമാന സർട്ടിഫിക്കറ്റ് ഹാജറാക്കിയിട്ടില്ല. (അനുവദിച്ച തുക- 25000) |
| 3 | ശാന്ത ജോൺ തൈക്കാട്ടിൽ വീട്, നെടുമുണ്ടകുന്ന്, നിലമ്പൂർ | ഭവനത്തിന്റെ കാലപ്പഴക്കം എത്രയെന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ഇല്ല. (അനുവദിച്ച തുക- 25000) |
| 4 | തോമസ് നോറക്കാട്ടിൽ കുളക്കണ്ടം, നിലമ്പൂർ | സബ് സിഡി മാർഗ്ഗ രേഖ സ.ഉ (കൈ)നം. 22/2018/ തസ്വഭവ തീ.14.02.2018 2.12 പ്രകാരം പൊതുവിഭാഗത്തിൽ 2,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നത്. വരുമാന സർട്ടിഫിക്കറ്റ് ഹാജറാക്കിയിട്ടില്ല. (അനുവദിച്ച തുക- 25000) |
| 5 | മെഴ്സി പട്ടാളാട്ട്, ചക്കാലക്കുത്ത് ,നിലമ്പൂർ | സബ് സിഡി മാർഗ്ഗ രേഖ സ.ഉ (കൈ)നം. 22/2018/ തസ്വഭവ തീ.14.02.2018 2.12 പ്രകാരം പൊതുവിഭാഗത്തിൽ 2,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നത്. വരുമാന സർട്ടിഫിക്കറ്റ് ഹാജറാക്കിയിട്ടില്ല. |

| | | |
|---|---|---|
| | | (അനുവദിച്ച തുക- 25000) |
| ആകെ | | 4 X 25000 = 1,00,000 |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 26/2019-20/ 21.07.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 10,75,000 രൂപ (9,75,000 + 1,00,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മേൽ 4(1) പ്രകാരമുള്ള നഷ്ടം ഭാഗം 3 ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-32 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്നില്ല.

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 268 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 104 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 268 | ആകെ അടങ്കൽ | 155701946 |
| നടപ്പിലാക്കിയത് | 104 | ചെലവ് | 41879317 |
| ശതമാനം | 39% | ചെലവ് ശതമാനം | 27% |

പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാതല മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. നഗരസഭയുടെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച വിഷയങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ക്രമ വിരുദ്ധമായി ബിൽ തുക അനുവദിച്ചത് മൂലം ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകളിൽ ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1. പ്രൊജക്ട്: ചേലശ്ശേരിക്കുന്ന് അംഗനവാടി പൂർത്തീകരണം (341/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 495000/492000 [NR] |
| ടി എസ് | LSGD/TS/2017-18/32187/25.07.2017 (CI 40.2%) |
| കരാർ | 74/AE/LSGD/2017-18/02.11.2017 |

| | |
|---|---|
| എം ബുക്ക് | 102/17-18 (Vol 1&2) |
| കൺവീനർ | ശ്രീ.ബേബികുട്ടി ഇ.പി |
| മൂല്യ നിർണ്ണയ തുക | 492000/- |
| വൗച്ചർ | 64/2019-20/26.09.2019 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 492000/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 469116/- [Ie, 492000*5/107.5] |
| അധികം | 22884/- |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രൊജക്ട്: ചേലശ്ശേരിക്കുന്ന് അംഗനവാടി പൂർത്തീകരണം (322/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 350000/350000 [NR] |
| ടി എസ് | LSGD/TS/2018-19/83445/ 14.9.18 (CI 37.25%) |
| കരാർ | 227/AE/LSGD/2018-19/28.01.2019 |
| എം ബുക്ക് | 227/18-19 |
| കൺവീനർ | ശ്രീ.ബേബികുട്ടി ഇ.പി |
| വൗച്ചർ | 65/2019-20/26.09.2019 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 350000/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 333721/- [Ie, 350000*5/107.5] |
| അധികം | 16279/- |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 15/09.07.2022- മറുപുപടി ലഭ്യമാക്കിയിട്ടില്ല]

## 1-34 തെറ്റായ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു - അധിക ചെലവ്

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ മലപ്പുറം ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് [Cost Index] ആയ 37.25% ന് പകരം വയനാട് ജില്ലയിലെ കൽപ്പറ്റക്ക് ബാധകമായ 38.24% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും, മൂല്യ നിർണ്ണയും നടത്തി കരാറുകാരന് തുക അനുവദിച്ചു നൽകുകയും ചെയ്തിട്ടുള്ളത്. തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് [Cost Index] അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | Dr.ഉസ്മാൻ സ്മാരക താലൂക്ക് ലൈബ്രറിയുടെ മുൻവശത്തുള്ള റോഡ് ടാറിംഗ് (222/20) |
| അടങ്കൽ/ ചെലവ് | 290000/283076 [FCG] |
| ടി എസ് | LSGD/TS/2018-19/51603/22.06.2018 |
| കരാർ | 137/AE/2018-19/03.11.2018 |
| എം ബുക്ക് | 137/18-19 |
| കരാറുകാരൻ | ഖാലിദ് |
| വൗച്ചർ | 22/2019-20/13.03.2020 |
| മൂല്യ നിർണ്ണയം | 283076/- |
| നൽകിയ തുക [@ Cost Index 38.24%] | 283076/- |
| നൽകാവുന്ന തുക [@ Cost Index 37.25%] | 281048/- |
| കരാറുകാരന് അധികം നൽകിയ തുക | 2028/- |

കരാറുകാരന് അധികമായി നൽകിയ 2028/- രൂപ ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 16/19.07.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-35 ജനൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തെറ്റായ ഇനം അനുവദിച്ചു - അധിക ചെലവ്

അസി.എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ ഇനം 42 ആയി ജനലുകളിൽ ഗ്രില്ല് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.2 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് ജനൽ ഗ്രില്ലുകൾ Rawl Plug Screws ഉപയോഗിച്ച് സ്ഥാപിക്കുന്നതിനുള്ളതാണ്. ഇവിടെ വെൽഡിംഗ് ഉപയോഗിച്ചാണ് ജനൽ ഗ്രില്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.1 പ്രകാരമുള്ള നിരക്ക് ആണ് നൽകേണ്ടിയിരുന്നത്. തെറ്റായ നിരക്ക് അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- രണ്ടാം ഘട്ടം (239/20) |
| അടങ്കൽ/ ചെലവ് | 11280000/8364522 [വികസന ഫണ്ട്- ജനറൽ] |
| ടി എസ് | LSGD/TS/2017-18/27450/26.08.2017 [40.2] |
| കരാർ | 76/AE/2017-18/7.11.17 |
| എം ബുക്ക് | 17/17-18 (Vol 1,2,3) |
| കരാറുകാരൻ | ഖാലിദ് പി.എം |
| വൗച്ചർ | 26/2019-20/10.06.2019 (Part Bill - 1358842/-) |
| മൂല്യ നിർണ്ണയം | 8364522/- |
| നൽകിയ തുക [@ 9.48.2 DSR 2016 -E.R 157.65/Kg] | 83128/-<br>[765.45 Kg * 108.60 (Tender Rate/Kg)] |
| നൽകാവുന്ന തുക [@ 9.48.1 DSR 2016 –E.R 146.72/Kg] | 77364/-<br>[765.45 Kg * 101.07 (Tender Rate/Kg)] |
| കരാറുകാരന് അധികം നൽകിയ തുക | 5764/- |

കരാറുകാരന് അധികമായി നൽകിയ 5764/- രൂപ ഈടാക്കി തിരിച്ചടക്കേണ്ടതാണ്. മേൽ പരാമർശത്തിന് അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 17/19.07.2022] കരാറുകാരന് നൽകാൻ അവശേഷിക്കുന്ന തുകയിൽ നിന്നും മേൽ തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

[ഖണ്ഡിക3-1 കൂടി കാണുക]

## 1-36 മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം - മൂന്നാം ഘട്ടം (145/20)- തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്

| | |
|---|---|
| പ്രൊജക്ട് | മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- മൂന്നാം ഘട്ടം (145/20) |
| അടങ്കൽ/ ചെലവ് | 19200000/9200000 [വികസന ഫണ്ട്- ജനറൽ] |
| ടി എസ് | LSGD/TS/2018-19/50293/31.10.2018 [37.25%] |
| കരാർ | 192/AE/2018-19/05.01.2019 |
| എം ബുക്ക് | 192/18-19 (Vol 1,2,3,4,5,6) |
| കരാറുകാരൻ | സക്കീർ കെ.എസ് |
| വൗച്ചർ | 05/2019-20/17.05.2019 (Part Bill – 4200000/-)<br>68/2019-20/27.09.2019 (Part Bill – 5000000/-) |
| മൂല്യ നിർണ്ണയം | 9200000/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- മൂന്നാം ഘട്ടം (239/20) എന്ന പ്രവൃത്തിയിൽ ചുവടെ ചേർത്തിട്ടുള്ള ഇനം പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് എസ്റ്റിമേറ്റിൽ വകയിരുത്തുകയും മൂല്യ നിർണ്ണയും നടത്തി കരാറുകാർക്ക് തുക അനുവദിച്ച് നൽകുകയും ചെയ്തു. തെറ്റായ നിരക്ക് നൽകിയ ഇനം പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

1. ജനൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തെറ്റായ ഇനം അനുവദിച്ചു.

മേൽ പ്രവൃത്തിയിൽ ഇനം 41 ആയി ജനലുകളിൽ ഗ്രില്ല് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിന്

DSR 2016-ലെ 9.48.2 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് ജനൽ ഗ്രില്ലുകൾ Rawl Plug Screws ഉപയോഗിച്ച് സ്ഥാപിക്കുന്നതിനുള്ളതാണ്. ഇവിടെ വെൽഡിംഗ് ഉപയോഗിച്ചാണ് ജനൽ ഗ്രില്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.1 പ്രകാരമുള്ള നിരക്ക് ആണ് നൽകേണ്ടിയിരുന്നത്. തെറ്റായ നിരക്ക് അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| വൗച്ചർ | 26/2019-20/10.06.2019 (Part Bill - 1358842/-) |
| നൽകിയ തുക [@ 9.48.2 DSR 2016 -E.R 154.34/Kg] | 183789/-<br>[1470.31 Kg * 125 (Tender Rate/Kg)] |
| നൽകാവുന്ന തുക [@ 9.48.1 DSR 2016 –E.R 143.63/Kg] | 171041/-<br>[1470.31 Kg * 116.33 (Tender Rate/Kg)] |
| കരാറുകാരന് അധികം നൽകിയ തുക | 12748/- |

2. പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി.

മേൽ പ്രവൃത്തിയിൽ ഇനം 57 ആയി, കെട്ടിടത്തിന്റെ മുകളിൽ ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട്. ആയതിൽ 2.6 മീറ്റർ നീളവും, 140mm വ്യാസവുമുള്ള 22 GI പോസ്റ്റുകൾ കോൺക്രീറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 50.10.1 പ്രകാരം ട്രസ് വർക്കിനുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ആയത് സിംഗിൾ സെക്ഷൻ പ്രവൃത്തി ആയതിനാൽ അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് അനുവദിച്ചത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വൗച്ചർ | 68/2019-20/27.09.2019 (Part Bill – 5000000/-) |
| നൽകിയ തുക [@ 50.10.1 DSR 2016 -E.R 137.46/Kg] | 140540/-<br>[1081.08 Kg * 130 (Tender Rate/Kg)] |
| നൽകാവുന്ന തുക [@ 50.10.2 DSR 2016 –E.R 111.93/Kg] | 114443/-<br>[1081.08 Kg * 105.86 (Tender Rate/Kg)] |
| കരാറുകാരന് അധികം നൽകിയ തുക | 26097/- |

കരാറുകാരന് അധികമായി നൽകിയ തുക 38845/-രൂപ [12748+26097] ഈടാക്കി തിരിച്ചടക്കേണ്ടതാണ്. മേൽ പരാമർശത്തിന് അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 18/19.07.2022] കരാറുകാരന് നൽകാൻ അവശേഷിക്കുന്ന തുകയിൽ നിന്നും മേൽ തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

[ഖണ്ഡിക3-2 കൂടി കാണുക]

## 1-37 പി എം എ വൈ ഭവനപദ്ധതി (ടി എസ് പി ) നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം. 207/20

പി എം എ വൈ ഭവനപദ്ധതി (ടി എസ് പി )

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അടങ്കൽ തുക- 11,00,000 രൂപ

വിനിയോഗിച്ച തുക – 2,60,000 രൂപ (ടി എസ് പി )

പദ്ധതിയിൽ ഉൾപ്പെടുത്തി ബിൽ നം. 9/2019-20/24.07.19 പ്രകാരം പിൻവലിച്ച 60,000 രൂപയിൽ 30,000 രൂപ കൈപ്പറ്റിയ ബിന്ദു പാറയ്ക്കൽ മുതീരി (വാർഡ് -12) എന്ന ഗുണഭോക്താവ് ഒരു ഗഡു കൈപ്പററിയ ശേഷം പിന്നീട് ഗഡുകൾ കൈപ്പറ്റുകയോ വീട്ട നിർമ്മാണം ആരംഭിക്കുകയോ ചെയ്തതായി ഫയലിൽ ഇല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, 2019-20 വർഷത്തിൽ എഗ്രിമെന്റ് വെച്ച (പ്രോജക്റ്റ് നം. 24/20 പ്രകാരം) പുതുക്കൽ മുണ്ടി വല്ലപ്പുഴ കോളനി , നിലമ്പൂർ എന്ന ഗുണഭോക്താവ് 3,30,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. 01.06.2020 ന് അവസാന ഗഡു കൈപ്പറ്റിയ ശേഷം നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/ 2019-20/20.07.2022)

## 1-38 മൺ പാത്രനിർമ്മാണ യൂനിറ്റിന് സബ്സിഡി - അപാകതകൾ

പ്രോജക്ക് നം. 280/20

മൺ പാത്രനിർമ്മാണ യൂനിറ്റിന് സബ്സിഡി
അടങ്കൽ തുക- 1,15,000 രൂപ

വിനിയോഗിച്ച തുക – 90,000 (പ്ലാൻ -ജനറൽ)

ബിൽ നം. 25/2019-20/ 16.03.2020 – 90,000

നിർവ്വഹണം - പ്രോജക്ക് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം മുൻനിർത്തി പൊതുവിഭാഗത്തിൽ ഉൾപ്പെട്ട മൺ പാത്രനിർമ്മാണ യൂനിറ്റിന് സബ്സിഡി നൽകുന്നതിനായുള്ളതാണ് പദ്ധതി. താഴെ പറയും പ്രകാരം ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1 | അമ്മിണി,കുഴൽമന്ദം വീട്, അരുവാക്കോട്,നിലമ്പൂർ<br>ശില്പി മൺ പാത്രനിർമ്മാണ യൂനിറ്റ് ,അരുവാക്കോട്<br>യു ഐ ഡി നം.MA/59/32/41(കുടുംബശ്രീ സംരംഭ അഫിലിയേഷൻ രജിസ്റ്റർ പ്രകാരം ) | 25,000 |
| 2 | വിജയലക്ഷ്മി കിടങ്ങൂർ വീട് ,അരുവാക്കോട്, നിലമ്പൂർ<br>ഹസ്ത ശില്പ മൺ പാത്രനിർമ്മാണ യൂനിറ്റ് ,അരുവാക്കോട്<br>യു ഐ ഡി നം.MA/59/33/45(കുടുംബശ്രീ സംരംഭ അഫിലിയേഷൻ രജിസ്റ്റർ പ്രകാരം ) | 50,000 |
| 3 | ശകുന്തള ,പഴമ്പാലക്കോട് വരടോംപാടം ,നിലമ്പൂർ<br>ബ്രഹ്മ,മൺ പാത്രനിർമ്മാണ യൂനിറ്റ് ,അരുവാക്കോട്<br>യു ഐ ഡി നം.MA/59/32/43(കുടുംബശ്രീ സംരംഭ അഫിലിയേഷൻ രജിസ്റ്റർ പ്രകാരം ) | 15,000 |

മേൽ സംരംഭങ്ങൾ ഒരാൾ മാത്രമുള്ളതാണെന്ന് മേൽ കുടുംബശ്രീ സംരംഭ അഫിലിയേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കുറഞ്ഞത് മൂന്നുപേർ അടങ്ങുന്ന വനിതാ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹത. എന്നാൽ ആയതിന് വിരുദ്ധമായി ഒറ്റയാൾ മാത്രമുള്ള സംരംഭത്തിന് സബ്സിഡി നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/2019-20/21.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 90,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-39 ലൈഫ് മിഷൻ പാർപ്പിടപദ്ധതി എസ് സി - ചെലവഴിക്കാത്ത പദ്ധതിപണം തിരികെ അടവാക്കിയില്ല

പ്രോജക്ക് നം. 206/20

ലൈഫ് മിഷൻ പാർപ്പിടപദ്ധതി എസ് സി (സ്പിൽ ഓവർ)
അടങ്കൽ തുക- 14,00,000 രൂപ

വിനിയോഗിച്ച തുക – 10,00,000 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 5/2019-20/ 01.06.2019 – 10,00,000

നിർവ്വഹണം - നിർവ്വഹണം - പ്രോജക്ക് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

ലൈഫ് മിഷൻ പാർപ്പിടപദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനുള്ള തുക കുടുംബശ്രീക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു .

1) പദ്ധതി ഗുണഭോക്താക്കളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട എസ് സി ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ളതാണ് പദ്ധതി എന്നതിനാലും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ ആയതിനാലും സ്വന്തം ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും തുക ചെലവഴിക്കുന്നതിന് പകരം കുടുംബശ്രീക്ക് കൈമാറിയത് ക്രമപ്രകാരമല്ല.

3) GO(P)No.177/2006/ധന. തിയതി 12.04.2006 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. കൂടാതെ, പദ്ധതി വിഹിതം ചെലവഴിക്കാതെ സാമ്പത്തിക വർഷത്തിന് ശേഷം അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണെന്നിരിക്കെ, വിശദാംശങ്ങൾ പരിശോധിച്ചതിൽ തുക 2019-20 ,2020-21 വർഷങ്ങളിലൊന്നും ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിച്ചത് കണ്ടെത്തി. ആയത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമാണ്. തുക പിൻവലിച്ചത് മുതലുള്ള വാർഷിക പലിശ 18% സഹിതം തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/2019-20/22.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-40 ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം -സർക്കാർ അനുമതിപത്രം ലഭ്യമാക്കിയില്ല

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തിക | റിമാർക്സ് |
|---|---|---|
| 1 | ബിൽ ക്ലാർക്ക് | മാർച്ച് 2019 ൽ 11 പേർ 25 ദിവസം |
| | | ഏപ്രിൽ 2019 ൽ 4 പേർ 6 ദിവസം |
| | | മെയ് 2019 ൽ 6 പേർ 25 ദിവസം |
| | | ജൂൺ 2019 ൽ 2 പേർ 23 ദിവസം |
| | | ജൂലൈ2019 ൽ 2പേർ 20 ദിവസം |
| 2 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 12 മാസവും (ഒരാൾ) |
| 3 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2020 ഫെബ്രുവരി ,2019 ആഗസ്റ്റ് മാസങ്ങളിൽ |
| 4 | വാർഷിക കണക്ക് വിദഗ്ധൻ | വർഷം മുഴുവൻ 105 ദിവസം |
| 5 | ഓഫീസ് അറ്റൻഡന്റ് | ആഗസ്റ്റ് 2019 6 ദിവസം |
| | | ജൂലൈ 2019 19 ദിവസം |

ഈ കാലയളവിലെ നഗരസഭയുടെ ഹാജർപട്ടിക പരിശോധിച്ചതിൽ പ്രസ്തുത തസ്തികകൾ നഗരസഭയിൽ നിലവിലുണ്ടായിരുന്നതായി ബോധ്യപ്പെട്ടില്ല. ഒഴിവുള്ള സ്ഥിരം ജീവനക്കാരുടെ തസ്തിക ഇല്ലാതെ, നിലവിലില്ലാത്ത തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാരിന്റെ സ്പഷ്ടമായ അനുമതി ആവശ്യമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് (ജി ഒ (പി)നം. 28/2016/ധന./തീ. 26.02.2016). മേൽ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് ആധാരമാക്കിയ സർക്കാർ അനുമതിയുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/23.07.2022)

## 1-41 ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്

തനത്ഫണ്ടിൽ നിന്നും 2019-20 വർഷത്തിൽ സെക്രട്ടറി നടത്തിയിട്ടുള്ള താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ / വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും വ്യക്തമായ മറുപടി (നം. 19/19-20/20.07.2022 ) ലഭ്യമാക്കിയിട്ടില്ല.

## 1-41-1 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല

ജി.ഒ. (ആർ.ടി)നം.288/2014/ഐ &പി.ആർ.ഡി തീ.10-09-2014 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ

നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച നൽകുകയാണുണ്ടായത്.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 21900073/16.04.19 | 3392 | ബിൽനം. KOZKLI30012937/10.02.19<br>എക്സ്പ്രസ് പബ്ലിക്കേഷൻസ് മധുരെക്ക് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക. |
| 2 | 21900077/25.04.19 | 22,176 | മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ബിൽനം. 321000143828/17.02.19- 10,080<br>ബിൽനം. 32100015341//07.032.19- 12,096 |
| 3 | 21900078/25.04.19 | 2730 | വീക്ഷണം ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ബിൽനം. 41845/28.02.19 |
| 4 | 21900580/29.08.19 | 10,710 | മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ബിൽനം. 321000019697/23.05.19 |
| 5 | 21900619/04.09.19 | 12,852 | മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ബിൽനം. 321000017217/17.05.19 |
| 6 | 21900877/23.10.19 | 10,560 | മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ബിൽനം. 1586128/14.10.19 |
| 7 | 21901027/28.11.19 | 3325 | ദി ഹിന്ദു ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>-തുക നൽകിയതിന്റെ വിവരം ,പത്ര പരസ്യം നൽകിയതിന്റെ വിവരം, സ്ഥാപനത്തിന്റെ ബില്ല് എന്നിവയും ലഭ്യമാക്കിയില്ല. |

മേൽ പത്രസ്ഥാപനങ്ങളിൽ നിന്നും 15% നിയമാനുസൃത കിഴിവ് ലഭിയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41-2 കെ എസ് ഇ ബി / വാട്ടർ അതോറിറ്റി /ഭൂജലവകുപ്പ് എന്നിവയ്ക്ക് തുക നല്കിയത് - പൂർത്തീകരണ വിവരം/ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ചുവടെ ചേർക്കും പ്രകാരം തുകകൾ വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പൂർത്തീകരണ, വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 21900039/06.04.19 | 16,000 | മുക്കുറുശ്ശി കോളനി പൊതുടാപ്പ് പോസ്ററിംഗ് ന് വേണ്ടി എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ, മലപ്പുറത്തിന് നൽകിയ തുക.<br>-തുക അടവാക്കിയതിന്റെ വിവരം,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 2 | 21900042/06.04.19 | 16,654 | നം.85 വളവ് അംഗനവാടി വാട്ടർ സപ്ലൈ കണക്ഷന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക – 2,654 രൂപ<br>വാട്ടർ കണക്ഷന്റെ വേണ്ടി അസി. എക്സി .എഞ്ചിനീയർകേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ ,മഞ്ചേരിക്ക് നൽകിയ തുക -14000<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 21900051/08.04.19 | 27,500 | അർബ്ബൻ പ്രൈമറി ഹെൽത്ത് സെന്റർ മുമ്മുള്ളി ക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ ,മലപ്പുറത്തിന് നൽകിയ തുക – 14,200<br>എം ആർ സെന്റർ മുമ്മുള്ളി ക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ ,മലപ്പുറത്തിന് നൽകിയ തുക – 13,300<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 21900091/26.04.19 | 55,939 | നിലമ്പൂർ പാലസ് റോഡ് വികസനം , ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | 21900312/13.06.19 | 7405 | വീട്ടിക്കുത്ത് ഫോറസ്റ്റ് ഓഫീസ് റോഡ് നവീകരണം ,ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6 | 21900804/15.10.19 | 3870 | ജവഹർ കോളനിയിൽ രണ്ട് കിണർ കുഴിയ്ക്കുന്നതിന് ജില്ലാ ഓഫീസർ,ഭൂജലവകുപ്പ് ,മലപ്പുറത്തിന് നൽകിയ തുക<br>-തുക അടവാക്കിയതിന്റെ വിവരം,ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ വിവരം എന്നിവ |
| 7 | 21901099/09.12.19 | 18,000 | വീട്ടിച്ചാൽ പുതിയ അംഗനവാടി വാട്ടർ കണക്ഷൻ ആവശ്യത്തിലേക്ക്എക്സി. എഞ്ചിനീയർ ,കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ,മലപ്പുറത്തിന് നൽകിയ തുക.<br>-തുക അടവാക്കിയതിന്റെ വിവരം,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കേണ്ടതാണ്. |
| 8 | 21901100/09.12.19 | 17,109 | പട്ടരാക്കയിൽ ഗാന്ധി നഗർ 20 റോഡിന്റെ ടാറിംഗ് പ്രവൃത്തി നടത്തുന്നതിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 9 | 21901102/09.02.20 | 28,220 | 24-ാം വാർഡിൽ ജനതപ്പടി റേഷൻകട റോഡിന്റെ ടാറിംഗ് പ്രവൃത്തിക്ക് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 10 | 21901475/07.03.20 | 9280 | ചക്കാലകുത്തിലെ പത്തായപുരക്ക-സുധകോളനി റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 11 | 21901214/14.01.20 | 12,000 | മുതുകാട് അംഗനവാടി വാട്ടർ കണക്ഷൻ ആവശ്യത്തിലേക്ക്എക്സി. എഞ്ചിനീയർ ,കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ,മലപ്പുറത്തിന് നൽകിയ തുക.<br>-തുക അടവാക്കിയതിന്റെ വിവരം,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| ആകെ | | 2,11,977 | |

ചെലവ് തുക 2,11,977 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41-3 നിലമ്പൂർ ഫയർസ്റ്റേഷന്റെ വൈദ്യുതി ബിൽ തുക നൽകിയത് – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 21900224/27.05.19 | 2451 | നിലമ്പൂർ നഗരസഭയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലമ്പൂർ ഫയർസ്റ്റേഷന്റെ വൈദ്യുതി ബിൽ തുക നൽകുന്നതിനാണ് മേൽ പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത് . നഗരസഭക്ക് കൈമാറികിട്ടിയ സ്ഥാപനമല്ലാത്തതിനാൽ ഫയർസ്റ്റേഷന്റെ വൈദ്യുതി ബിൽ തുക അടവാക്കിയതിന്റെ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതും തുടർന്നും |
| 2 | 21900437/09.07.19 | 19,199 ൽ 2449 രൂപ | |
| 3 | 21900063/11.04.19 | 1894 ൽ 1454 രൂപ | |

| | | | |
|---|---|---|---|
| | | | ആയത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ മേൽ തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതുമാണ്. |
| 5 | 21900296/11.06.19 | 6675 ൽ 4585 രൂപ | |

## 1-41-4 മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം / ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്

ചുവടെ ചേർക്കുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 21900251/03.06.19 | 90,000 | മുതുകാട് പാർപ്പിടസമുച്ചയം നിർമ്മാണം സോയിൽ ടെസ്റ്റിംഗിനായി ശ്രീ. ജെംഷീർ ഓവർസീയർക്ക് അഡ്വാൻസ് നൽകിയ തുക<br>ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് |
| 2 | 21900252/3.06.19 | 60,000 | മഴക്കാല പൂർവ്വ ശുചീകരണം ഇനത്തിൽ ശ്രീ. ജെംഷീർ, ശ്രീ. ജിംഷിദ് ,ശ്രീ. സുരേഷ്കുമാർ ഓവർസീയർമാർക്ക് അഡ്വാൻസ് നൽകിയ തുക<br>ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് |
| 3 | 21900326/18.06.19<br>21900327/18.06.19 | 1,00,000<br>1,00,000 | വല്ലപ്പുഴ എസ് ടി കോളനി എസ് പി ശുചിമുറി നിർമ്മാണ കൺവീനർക്ക് അഡ്വാൻസ് നൽകിയ തുക<br>-ചെലവ് രേഖകൾ,തുക ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 4 | 21900805/15.10.19 | 25,000 | ശ്രീ. സുരേഷ്കുമാർ ഓവർസീയർക്ക് ഇ എം എസ് ലൈബ്രറിയിൽ പ്രവൃത്തികൾക്ക് അഡ്വാൻസ് നൽകിയത്.<br>-ചെലവ് രേഖകൾ,തുക ക്രമീകരിച്ചതിന്റെ വിവരം, പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 5 | 21901376/20.02.20 | 49,000 | ക്രമറ്റോറിയം മെയിന്റനൻസ് ,അഡ്വാൻസ് തുക ശ്രീ. സിജു എസ് ,സീനിയർ ക്ലാർക്കിന് നൽകിയത്<br>- പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ,ചെലവ് രേഖകൾ,തുക ക്രമീകരിച്ചതിന്റെ വിവരം,എന്നിവ |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം തുക വിനിയോഗിച്ച് മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം /ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-41-5 സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമല്ല

ചുവടെ ചേർത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം ഫോറങ്ങൾ, രജിസ്റ്ററുകൾ,ഫർണീച്ചർ ,ലാപ്ടോപ് എന്നിവ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ ഇനങ്ങൾ നഗരസഭയുടെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 21901400/27.02.20 | 34,802 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സിലേക്ക് ഫർണീച്ചറുകൾ |

| | | | |
|---|---|---|---|
| | | | വാങ്ങിയതിന് ന്യൂ രാജധാനി ഫർണിച്ചർ നിലമ്പൂരിന് നൽകിയ തുക<br>-സ്റ്റോക്ക് ,ഇഷ്യൂ വിവരം, സ്റ്റോർ പർച്ചേഴ്സ് നടപടി ക്രമങ്ങൾ പാലിച്ചതിനിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 2 | 21901486/12.03.20 | 34,900 | മുനിസിപ്പൽ എഞ്ചിനീയർക്ക് ലാപ് ടോപ്പ് വാങ്ങിയ ഇനത്തിൽ ദിയകമ്പ്യൂട്ടേർസ് നിലമ്പൂരിന് നൽകിയ തുക<br>-സ്റ്റോക്ക് ,ഇഷ്യൂ വിവരം, സ്റ്റോർ പർച്ചേഴ്സ് നടപടി ക്രമങ്ങൾ പാലിച്ചതിനിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 3 | 21901596/18.03.20 | 49,695 | പ്രിസം പ്രന്റിംഗ് പ്രസ്സ് നിലമ്പൂരിന് രജിസ്റ്ററുകൾ ,ഫോറങ്ങൾ ഐ ഡി കാർഡുകൾ എന്നിവ വാങ്ങിയതിന് നൽകിയ തുക<br>-റേറ്റ് കോൺട്രാക്ടിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയത് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. റേറ്റ് കോൺട്രാക്ടിന്റെ വിവരം ,സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 4 | 21901215/14.01.20 | 77,641 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചികോടിന് വിവിധ സ്റ്റേഷനറി സാധനങ്ങൾ രജിസ്റ്ററുകൾ എന്നിവ വാങ്ങിയതിന് നൽകിയ തുക<br>- സാധനം വാങ്ങിയതിന്റെ വിവരം, സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 5 | 21900721/ 27.09.19 | 27,415 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചികോടിന് എ4പേപ്പർ , നോട്ട് ഷീറ്റ് മുതലായവ വാങ്ങിയതിന് നൽകിയ തുക<br>- സാധനം വാങ്ങിയതിന്റെ വിവരം, സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 6 | 21900568/26.07.19 | 14,913 | അർബ്ബൻ പി എച്ച് സി ലേക്ക് മരുന്നുകൾ വാങ്ങിയതിന് ഏഷ്യൻ ഫാർമ അരീക്കോടിന് നൽകിയ തുക<br>- സാധനം വാങ്ങിയതിന്റെ വിവരം, സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 7 | 21900566/26.08.19 | 39,716 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചികോടിന് രജിസ്റ്റർ ബുക്കുകൾ , മുതലായവ വാങ്ങിയതിന് നൽകിയ തുക<br>- സാധനം വാങ്ങിയതിന്റെ വിവരം, സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |

മേൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഗരസഭക്ക് 6874/- രൂപ നഷ്ടം

2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ അനുമതി/ക്രമവത്കരണം നടത്തിയ ഫയലുകളിൽ താഴെ പറയുന്ന ഫയലുകളിന്മേൽ പെർമിറ്റ് ഫീസ്/ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ നഗരസഭയ്ക്ക് 6874/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും. | ഫീസ് ഈടാക്കിയ രശീതി നമ്പർ/ തിയ്യതി | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | TP1-7631/19 (88/19-20) | ജനീസ് & സലീന, കക്കുംതിരി ഹൌസ്, ഏനാന്തി, നിലമ്പൂർ. | 119200101940/ 23.05.2019 | 114.57 (വാസഗൃഹം) | 401 (114.57 X 3.50) | 344 | 57 |
| 2 | TP1-14184/19 (368/19-20) | സിദ്ധീഖ്, അടുക്കത്ത് ഹൌസ്, രാമങ്കുത്ത് ഹൌസ്, നിലമ്പൂർ. | 119200110579/ 21.12.2019 | 126.87 (വാണിജ്യം - ക്രമവത്കരണം) | 2538 (126.87 X 20) | 1270 | 1268 |
| 3 | TP1-8052/19 (110/19-20) | ഷഫീഖ്, വിളക്കുമഠത്തിൽ ഹൌസ്, കളരിക്കുന്ന്, നിലമ്പൂർ. | 119200102210/ 30.05.2019 | 249.77 (വാസഗൃഹം) | 1749 (249.77 X 7) | 750 | 999 |
| 4 | TP1-11472/19 (269/19-20) | ജമീല, കുനാരി ഹൗസ്, നെട്ടുമുണ്ടക്കുന്ന്, നിലമ്പൂർ. | 119200105365/ 29.08.2019 | 155.38 (വാസഗൃഹം) | 1088 (155.38 X 7) | 808 | 280 |
| 5 | TP1-11083/19 (246/19-20) | മേരി മുതൽ പേർ, പുതുവ എടാട്ട്കാരൻ ഹൗസ്, പൊട്ടിപ്പാറ, നിലമ്പൂർ. | 119200105052/ 20.08.2019 | 169.39 (വാസഗൃഹം) | 1186 (169.39 X 7) | 383 | 803 |
| 6 | TP1-6599/19 (20/19-20) | അബ്ദുൾസലാം, മണ്ണേങ്ങൽ കണ്ണംതൊടി ഹൗസ്, ചന്തക്കുന്ന്. | 119200100885/ 29.04.2019 | 251.68 (Extn) (വാസഗൃഹം) | 859 (122.58 X 7) | 429 | 430 |
| 7 | TP1-13073/19 (321/19-20) | പ്രവീൺകുമാർ.കെ, ദേവു നിവാസ്, നിലമ്പൂർ. | 119200108050/ 19.10.2019 | 748.80 (സ്പെഷ്യൽ റസിഡൻസ്) | 7488 (748.80 X 10) | 5242 | 2246 |
| 8 | TP1-718/20 (461/19-20) | മധു, നാവായത്ത് ഹൗസ്, കോവിലത്ത്മുറി, നിലമ്പൂർ. | 119200111972/ 30.01.2020 | 205 (Extn) (വാസഗൃഹം) | 670 (95.70 X 7) | 335 | 335 |
| 9 | TP1-1408/20 (498/19-20) | ജുനൈദ്, ആലിക്കാപറമ്പിൽ ഹൗസ്, രാമങ്കുത്ത്, | 119200118378/ 16.03.2020 | 234.67 (വാസഗൃഹം) | 1643 (234.67 X 7) | 1187 | 456 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | നിലമ്പൂർ. | | | | | |
| ആകെ | | | | | 17622 | 10748 | 6874 |

പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 6874/- രൂപ പെർമിറ്റ് അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 6(2019-20)/16.07.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജനൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തെറ്റായ ഇനം അനുവദിച്ചു - അധിക ചെലവ്

അസി.എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ ഇനം 42 ആയി ജനലുകളിൽ ഗ്രില്ല് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.2 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് ജനൽ ഗ്രില്ലുകൾ Rawl Plug Screws ഉപയോഗിച്ച് സ്ഥാപിക്കുന്നതിനുള്ളതാണ്. ഇവിടെ വെൽഡിംഗ് ഉപയോഗിച്ചാണ് ജനൽ ഗ്രില്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.1 പ്രകാരമുള്ള നിരക്ക് ആണ് നൽകേണ്ടിയിരുന്നത്. തെറ്റായ നിരക്ക് അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- രണ്ടാം ഘട്ടം (239/20) |
| അടങ്കൽ/ ചെലവ് | 11280000/8364522 [വികസന ഫണ്ട്- ജനറൽ] |
| ടി എസ് | LSGD/TS/2017-18/27450/26.08.2017 [40.2] |
| കരാർ | 76/AE/2017-18/7.11.17 |
| എം ബുക്ക് | 17/17-18 (Vol 1,2,3) |
| കരാറുകാരൻ | ഖാലിദ് പി.എം |
| വൗച്ചർ | 26/2019-20/10.06.2019 (Part Bill - 1358842/-) |
| മൂല്യ നിർണ്ണയം | 8364522/- |
| നൽകിയ തുക [@ 9.48.2 DSR 2016 -E.R 157.65/Kg] | 83128/-<br>[765.45 Kg X 108.60 (Tender Rate/Kg)] |
| നൽകാവുന്ന തുക [@ 9.48.1 DSR 2016 -E.R 146.72/Kg] | 77364/-<br>[765.45 Kg X 101.07 (Tender Rate/Kg)] |
| കരാറുകാരന് അധികം നൽകിയ തുക | 5764/- |

കരാറുകാരന് അധികമായി നൽകിയ 5764/- രൂപ ഈടാക്കി തിരിച്ചടക്കേണ്ടതാണ്. മേൽ പരാമർശത്തിന് അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 17/19.07.2022] കരാറുകാരന് നൽകാൻ അവശേഷിക്കുന്ന തുകയിൽ നിന്നും മേൽ തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

### 3-2 മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- മൂന്നാം ഘട്ടം (145/20)- തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്

| | |
|---|---|
| പ്രൊജക്ട് | മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- മൂന്നാം ഘട്ടം (145/20) |
| അടങ്കൽ/ ചെലവ് | 19200000/9200000 [വികസന ഫണ്ട്- ജനറൽ] |
| ടി എസ് | LSGD/TS/2018-19/50293/31.10.2018 [37.25%] |
| കരാർ | 192/AE/2018-19/05.01.2019 |
| എം ബുക്ക് | 192/18-19 (Vol 1,2,3,4,5,6) |
| കരാറുകാരൻ | സക്കീർ കെ.എസ് |

| | |
|---|---|
| വൗച്ചർ | 05/2019-20/17.05.2019 (Part Bill – 4200000/-)<br>68/2019-20/27.09.2019 (Part Bill – 5000000/-) |
| മൂല്യ നിർണ്ണയം | 9200000/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുനിസിപ്പൽ ഓഫീസ് പുതിയ കെട്ടിട നിർമ്മാണം- മൂന്നാം ഘട്ടം (239/20) എന്ന പ്രവൃത്തിയിൽ ചുവടെ ചേർത്തിട്ടുള്ള ഇനം പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് എസ്റ്റിമേറ്റിൽ വകയിരുത്തുകയും മൂല്യ നിർണ്ണയും നടത്തി കരാറുകാർക്ക് തുക അനുവദിച്ച് നൽകുകയും ചെയ്തു. തെറ്റായ നിരക്ക് നൽകിയ ഇനം പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

1. ജനൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തെറ്റായ ഇനം അനുവദിച്ചു

മേൽ പ്രവൃത്തിയിൽ ഇനം 41 ആയി ജനലുകളിൽ ഗ്രില്ല് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.2 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് ജനൽ ഗ്രില്ലുകൾ Rawl Plug Screws ഉപയോഗിച്ച് സ്ഥാപിക്കുന്നതിനുള്ളതാണ്. ഇവിടെ വെൽഡിംഗ് ഉപയോഗിച്ചാണ് ജനൽ ഗ്രില്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിന് DSR 2016-ലെ 9.48.1 പ്രകാരമുള്ള നിരക്ക് ആണ് നൽകേണ്ടിയിരുന്നത്. തെറ്റായ നിരക്ക് അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| വൗച്ചർ | 26/2019-20/10.06.2019 (Part Bill - 1358842/-) |
| നൽകിയ തുക [@ 9.48.2 DSR 2016 -E.R 154.34/Kg] | 183789/-<br>[1470.31 Kg X 125 (Tender Rate/Kg)] |
| നൽകാവുന്ന തുക [@ 9.48.1 DSR 2016 –E.R 143.63/Kg] | 171041/-<br>[1470.31 Kg X 116.33 (Tender Rate/Kg)] |
| കരാറുകാരന് അധികം നൽകിയ തുക | 12748/- |

2. പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി

മേൽ പ്രവൃത്തിയിൽ ഇനം 57 ആയി, കെട്ടിടത്തിന്റെ മുകളിൽ ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട്. ആയതിൽ 2.6 മീറ്റർ നീളവും, 140mm വ്യാസവുമുള്ള 22 GI പോസ്റ്റുകൾ കോൺക്രീറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 50.10.1 പ്രകാരം ട്രസ് വർക്കിനുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ആയത് സിംഗിൾ സെക്ഷൻ പ്രവൃത്തി ആയതിനാൽ അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് അനുവദിച്ചത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വൗച്ചർ | 68/2019-20/27.09.2019 (Part Bill – 5000000/-) |
| നൽകിയ തുക [@ 50.10.1 DSR 2016 -E.R 137.46/Kg] | 140540/-<br>[1081.08 Kg X 130 (Tender Rate/Kg)] |
| നൽകാവുന്ന തുക [@ 50.10.2 DSR 2016 –E.R 111.93/Kg] | 114443/-<br>[1081.08 Kg X 105.86 (Tender Rate/Kg)] |
| കരാറുകാരന് അധികം നൽകിയ തുക | 26097/- |

കരാറുകാരന് അധികമായി നൽകിയ തുക 38845/-രൂപ [12748+26097] ഈടാക്കി തിരിച്ചടക്കേണ്ടതാണ്. മേൽ പരാമർശത്തിന് അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 18/19.07.2022] കരാറുകാരന് നൽകാൻ അവശേഷിക്കുന്ന തുകയിൽ നിന്നും മേൽ തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ചെലവ് അളവ് എടുത്ത അസി. എൻജിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-3 ഭവനപുനരുദ്ധാരണം പദ്ധതി (ജനറൽ) - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. 16/20

ഭവനപുനരുദ്ധാരണം പദ്ധതി ( ജനറൽ )

അടങ്കൽ തുക – 22,00,000 രൂപ

വിനിയോഗിച്ച തുക – 21,75,000

പ്ലാൻ - ജനറൽ - 7,98,000 രൂപ

തനത് ഫണ്ട് - 13,77,000 രൂപ

ബിൽ നം. 24/19-20/15.01.2020- 5,75,000

ബിൽ നം. 30/19-20/06.02.2020- 2,23,000

വൗച്ചർ നം. 21901395/26.02.2020- 2,52,000

വൗച്ചർ നം. 21901479/07.03.2020- 3,75,000

വൗച്ചർ നം. 21901767/30.03.2020- 4,50,000

വൗച്ചർ നം. 22000075/24.04.2020- 2,50,000

വൗച്ചർ നം. 22000074/24.04.2020- 25,000

വൗച്ചർ നം. 22000073/24.04.2020- 25,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം 88 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി 25,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം 25,000 രൂപ (വൗച്ചർ നം.21901395/26.02.20) ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. പത്മാവതിയമ്മ, പൈങ്കര വീട് കോവിലകത്ത്മുറി, നിലമ്പൂർ എന്ന ഗുണഭോക്താവിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഇവർ ഉൾപ്പെട്ട റേഷൻകാർഡിൽ (നം.2052050714) മകൻ സർക്കാർ ജീവനക്കാരനും പ്രതിമാസ വരുമാനം 32,863 രൂപ എന്നും രേഖപ്പെടുത്തിയിട്ടുണ്ട് . ആയത് പരിഗണിക്കാതെ നിലമ്പൂർ വില്ലേജ് ഓഫീസർ പ്രതിവർഷം 36000 രൂപ എന്ന വരുമാന സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട് (നം. 44548657/02.12.2019). സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ)നം. 22/2018/ തസ്വഭവ തീ.14.02.2018 2.12 പ്രകാരം പൊതുവിഭാഗത്തിൽ 2,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നത് എന്നിരിക്കെ, ഇവർക്ക് ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/19-20/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നൽകിയ 25000/- രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥൻ പ്രൊജക്ട് ഓഫീസറിൽ (യു പി എ സി) നിന്ന് ഈടാക്കോണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 04.07.2022 മുതൽ 23.07.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് (മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | PMAY (U)- Life KURDFC | ലഭ്യമല്ല | 32800000 | 48400000 | 2733333 | 45666667 |

കുറിപ്പ് – ലോൺ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കാത്തതിനാൽ മുഴുവൻ വിവരങ്ങളും പട്ടികയിൽ ചേർക്കാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 2,25,544/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2017-18 | 3-18 | 61024 | ശ്രീ.സതീഷ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ | KL014658770201920M (Chalan No) |
| 2016-17 | 3-19 | 74527 | കൺവീനർ, ശ്രീമതി.ഷീല രമണി | 01/119200108102 തി.21.10.2019 |
| 2016-17 | 3-19 | 36513 | കൺവീനർ, ശ്രീമതി.ഷൈലജ | 01/119200108103 തി.21.10.2019 |
| 2016-17 | 3-19 | 53480 | കൺവീനർ, ശ്രീമതി.രുഗ്മിണി | 01/119200108104 തി.21.10.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44,45 | 2001-02 | ........ | മരാമത്ത്- അധികചെലവ് | നടപടി തുടരുന്നു. |
| 2007-08 | 3-13 | 2010-11 | ....... | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു. |
| 2012-13 | | 2012-13 | ....... | ഖരമാലിന്യ പരിപാലനം, പ്രവർത്തനാവലോകന റിപ്പോർട്ട് | നടപടി തുടരുന്നു. |
| | 3-1<br>3-2 | 2012-13 | ........ | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു. |
| 2013-14, 2014-15 | 2(3) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |
| 2015-16 | 2(8) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

സർചാർജ് നടപടികളുടെ വിവരം.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1999-00 | 58 (70, (7), (9) | എം.വി മഹിധരൻ, സെക്രട്ടറി | LF.12622/ സ്പെ.സെൽ/എസ്.സി 5/05/23.12.18/ 01.01.09 | 34,600 | Disposed |
| 2 | 1998-99 | 48(1), (2), 49, 50(16), 65, 76, 77, 81, 85(p), 89(1), 90 (2), (3), 91(1),(3), (4) | എം.വി മഹിധരൻ, സെക്രട്ടറി | LF.11513/സ്പെ.സെൽ/ എസ് സി 5/04/ 25.09.06/ 01.03.07 | 282674 | Disposed On 31-08-2015 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 188765344 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 197129381 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6,874 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 69,609 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1776977 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6874 | | ശ്രീ. മുഹമ്മദാലി.പി, മുനിസിപ്പൽ എഞ്ചിനീയർ - 1486/- രൂപ. ശ്രീ. ഫ്രാൻസിസ്.എ.ഫെർണാണ്ടസ്, മുനിസിപ്പൽ എഞ്ചിനീയർ - 4932/- രൂപ. ശ്രീ. അഫ്സൽ.സി, മുനിസിപ്പൽ എഞ്ചിനീയർ - 456/- രൂപ. |
| 3-1 | | 5764 | ശ്രീ.മുഹമ്മദാലി.പി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | | 38845 | ശ്രീ.മുഹമ്മദാലി.പി, മുനിസിപ്പൽ എഞ്ചിനീയർ - 12748 |

| | | | |
|---|---|---|---|
| | | | ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ്, മുനിസിപ്പൽ എഞ്ചിനീയർ – 26097 |
| 3-3 | | 25,000 | ശ്രീ. ബാബു പി കെ, പ്രോജക്റ്റ് ഓഫീസർ യു പി എ സി |
| ആകെ | 6,874 | 69,609 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 4,00,000 | ശ്രീ.ബാബു പി കെ, പ്രോജക്റ്റ് ഓഫീസർ ,യു പി എ സി |
| 1-31 | 10,75,000 | ശ്രീ.ബാബു പി കെ, പ്രോജക്റ്റ് ഓഫീസർ, യു പി എ സി |
| 1-38 | 90,000 | ശ്രീ.ബാബു പി കെ പ്രോജക്റ്റ് ഓഫീസർ യു പി എ സി |
| 1-41-2 | 2,11,977 | ശ്രീ.ആകാശ് എ എസ്, സെക്രട്ടറി – 1,27,368<br>ശ്രീ.ഹരി കെ,സെക്രട്ടറി – 35,109<br>ശ്രീ. ഫിറോസ്ഖാൻ എ ,സെക്രട്ടറി -49,500 |
| ആകെ | 17,76,977 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഫ്സൽ.സി, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, മുനിസിപ്പൽ ഓഫീസ്, നിലമ്പൂർ | ചുണ്ടക്കാടൻ ഹൌസ്, സാജിത മൻസിൽ, കോടങ്ങാട്, കൊണ്ടോട്ടി, മലപ്പുറം ജില്ല, പിൻ -673638 |
| ശ്രീ. മുഹമ്മദാലി.പി, മുനിസിപ്പൽ എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്. | പരുത്തിക്കുന്നൻ ഹൌസ്, രാമങ്കുത്ത്.പി.ഒ, നിലമ്പൂർ – 679330 |
| ശ്രീ. ഫ്രാൻസിസ് .എ. ഫെർണാണ്ടസ്, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവാലി ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ, അരുവാക്കോട് റോഡ്, നിലമ്പൂർ, മലപ്പുറം |
| ശ്രീ. ബാബു പി കെ, പ്രോജക്റ്റ് ഓഫീസർ യു പി എ സി | രാമനാട്ടുകര നഗരസഭ | പൂളക്കുന്നുമ്മൽ, മാണിയൂർ .പി.ഒ, പയ്യോളി, കോഴിക്കോട് – 673523 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/978/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.02.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21(5)/14/2008 തി.17.02.2011 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21(5)/917/2009 തി.03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21(5)/799/2009 തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി.21.02.2012 | 33 | |
| 2010-11<br>2011-12 | എൽ.എഫ്.എം.21/19/2013 തി.08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി.14.01.2015 | 39 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.21/314/2016 തി.27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പിഎം21/ 2742/2016 തി. 02.02.2017 | 47 | |
| 2016-17 | കെ.എസ്.എ.എം.പിഎം21/ 2385/2017 തി. 24.11.2017 | 48 | |
| 2017-18 | കെ.എസ്.എ.എം.പിഎം21/ 2824/2018 തി. 17.01.2019/19.02.19 | 30 | |
| 2018-19 | കെ.എസ്.എ.എം.പിഎം21/441/2020 തി. 24.04.2020 | 28 | |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്